# പൊതുവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ

കേരള വിദ്യാഭ്യാസ സമിതി പ്രസിദ്ധീകരണം

# പൊതുവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ

***ആമുഖം***

കേരളത്തിലെ വിദ്യാഭ്യാസം ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലാണ്. വിദ്യാഭ്യാസരംഗത്ത് ഗുരുതരമായ അനവധി പ്രതിസന്ധികൾ ഉണ്ടെന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. ഈ പ്രതിസന്ധികളെ അതിജീവിക്കണമെങ്കിൽ ശക്തമായ ജനകീയ ഇടപെടൽ അനിവാര്യമാണ്.

പൊതുവിദ്യാഭ്യാസ രംഗത്തെയും ഉന്നതവിദ്യാഭ്യാസരംഗത്തെയും പ്രതിസന്ധികളെപ്പറ്റി കേരള വിദ്യാഭ്യാസ സമിതി തയ്യാറാക്കിയതാണ് ഈ ലഘു പ്രസിദ്ധീകരണം.

വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ പ്രതിസന്ധിക്കുകാരണം 2011 മുതലുള്ള യു.ഡി.എഫ് സർക്കാരിന്റെ വികലമായ നയങ്ങളാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരുവർഷത്തിനിടയിൽ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളെയും തകർച്ചയുടെ വക്കിൽ എത്തിച്ചിരിക്കുന്നു.

ഈ തകർച്ചയ്ക്കുകാരണം ആശയരംഗത്തും ഭരണരംഗത്തും ഉണ്ടാക്കിയ മാറ്റങ്ങളാണ്. ബോധപൂർവമായി ചില പ്രത്യേക താൽപര്യങ്ങൾക്കായി വിദ്യാഭ്യാസരംഗത്തെ പരുവപ്പെടുത്തുകയാണ്.

2001 ൽ യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടാക്കിയ വിദ്യാഭ്യാസ പ്രതിസന്ധിയുടെ തനിയാവർത്തനമാണിത്. രൂക്ഷത കൂട്ടാൻ കുറെപുതിയ ചേരുവകളുമുണ്ട്. അതിനുമുമ്പ് അധികാരത്തിലായിരുന്ന എൽ.ഡി.എഫ് ഗവൺമെന്റ് ആരംഭിച്ച് പുരോഗിമിപ്പിച്ച പാഠ്യപദ്ധതി അട്ടിമറിക്കുകയാണ് ആദ്യം ചെയ്തത്. അതോടൊപ്പം നൂറുക്കണക്കിന് സ്കൂളുകൾ അൺ-എക്കണോമിക് എന്ന പേരിൽ അടച്ചുപൂട്ടാൻ തീരുമാനിക്കുകയും ചെയ്തു. കേരള വിദ്യാഭ്യാസസമിതിയുടെ രൂപീകരണത്തിന്റെ പശ്ചാത്തലം ഇതായിരുന്നു. സമിതിയുടെ ഇടപെടൽമൂലം ഈ രണ്ടുതീരുമാനങ്ങളിലും മാറ്റമുണ്ടാക്കാൻ കഴിഞ്ഞു.

കസേരയിൽ ഇരുന്ന ഉടൻ, മന്ത്രിസഭ ആലോചിക്കുന്നതിനുമുമ്പുതന്നെ വിദ്യാഭ്യാസരംഗം കോർപ്പറേറ്റ് ശക്തികൾക്ക് വിട്ടുകൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുന്ന പ്രഖ്യാപനം വിദ്യാഭ്യാസമന്ത്രി നടത്തി. നൂറുകണക്കിന് സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചു. 2001 ലെ യു.ഡി.എഫ് ഗവൺമെന്റ് വെട്ടിത്തെളിച്ച വിദ്യാഭ്യാസ വാണിജ്യപാതയിൽ തന്നെയാണ് പുതിയ സർക്കാരിന്റെ സഞ്ചാരവും എന്ന് മനസ്സിലാക്കുവാൻ അധികം ദിവസങ്ങൾ വേണ്ടിവന്നില്ല.

2001-06 കാലഘട്ടത്തിലെ യു.ഡി.എഫ് സർക്കാർ നടപ്പാക്കിയ തെറ്റായ നയങ്ങളെ തിരുത്തി, വിദ്യാഭ്യാസത്തിന്റെ മൂല്യങ്ങളും ലക്ഷ്യങ്ങളും വീണ്ടെടുത്ത് പൊതുവിദ്യാഭ്യാസരംഗത്തും ഉന്നതവിദ്യാഭ്യാസരംഗത്തും പുരോഗമനോന്മുഖമായ ഒട്ടനവധി പരിഷ്കാരങ്ങൾ കൊണ്ടുവരാൻ 2006 ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് ഗവൺമെന്റിനു കഴിഞ്ഞു. പക്ഷെ ഇവയെ തുരങ്കം വയ്ക്കാനുള്ള ബോധപൂർവമായ നീക്കങ്ങളാണ് ഇപ്പോഴത്തെ സർക്കാർ നടത്തുന്നത്. അതുതന്നെയാണ് രൂക്ഷമായ പ്രതിസന്ധിയുടെ കാരണവും.

സി.ബി.എസ്.ഇ സ്കൂളുകൾ യാതൊരു നിയന്ത്രണവുമില്ലാതെ അനുവദിക്കുന്നത് വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമാണ്. സി.ബി.എസ്.ഇ സ്കൂളുകളിലെ പഠനം അക്കാദമികമായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിലേക്കാൾ മെച്ചപ്പെട്ടതാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. മാത്രമല്ല സി.ബി.എസ്.ഇ പാഠ്യപദ്ധതിയെക്കാൾ എല്ലാ വിധത്തിലും കൂടുതൽ മെച്ചപ്പെട്ടതാണ് കേരളത്തിലെ പാഠ്യപദ്ധതിയെന്ന് കെ.എസ്.ടി.എ യുടെയും, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ ഉള്ളതിനെക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങൾ ചില സി.ബി.എസ്.ഇ സ്കൂളുകളിലുണ്ടെന്ന് അവകാശപ്പെടാം. എന്നാൽ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പൊതുവിദ്യാലയങ്ങളിലെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിച്ചത് വിജയകരമായിരുന്നു; അതിന്റെ ഫലമായി പൊതുസ്കൂളുകളിൽ ഉണ്ടായ ഗുണമേന്മാ വർദ്ധനവ് ശ്രദ്ധേയമായിരുന്നു.

കേരള സമൂഹത്തിന്റെ പുരോഗതിക്കും ജനാധിപത്യവൽക്കരണത്തിനും മതേതര മൂല്യങ്ങളുടെ അടിത്തറയ്ക്കും ഒരു പ്രധാന ശക്തിയായി നിലകൊണ്ട പൊതുവിദ്യാഭ്യാസമേഖലയിൽ യു.ഡി.എഫ് സർക്കാരുകൾ ഉണ്ടാക്കിയ തെറ്റായ നീക്കങ്ങൾ സാമൂഹികമായ ഒട്ടനവധി ദോഷഫലങ്ങൾ ഇതിനകംതന്നെ ഉണ്ടാക്കികഴിഞ്ഞു. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനും സാമൂഹിക പ്രതിബദ്ധത വളർത്താനും കഴിഞ്ഞ ദശകങ്ങളിൽ പൊതുവിദ്യാഭ്യാസം വളരെയേറെ സഹായകമായിരുന്നു. നേരത്തെ ഉണ്ടായിരുന്ന വിദ്യാഭ്യാസ ലക്ഷ്യത്തിന് അടിസ്ഥാനമായി സമൂഹത്തെപ്പറ്റിയുള്ള ഒരു സങ്കല്പമുണ്ടായിരുന്നു. നീതിപൂർവകമായ ഒരു സമൂഹം. മതേതര ജനാധിപത്യ രാഷ്ട്രീയ സംവിധാനത്തിന് ശക്തി പകരുന്ന ഒരു സമൂഹം.

സമൂഹത്തിനു പകരം ഇന്ന് വിദ്യാഭ്യാസരംഗത്തുള്ളത് സങ്കുചിതസമുദായ താൽപര്യങ്ങളാണ്. സമുദായവൽക്കരണം വിദ്യാഭ്യാസരംഗത്തെ ഗ്രസിച്ചിരിക്കുകയാണ്. വർഗീയതയോടൊപ്പം ഈ സമുദായ വൽക്കരണം വളർന്നാൽ രാജ്യത്തിന് ആപത്താണ്.

സമുദായ വൽക്കരണവും വരേണ്യവൽക്കരണത്തിന്റെ താൽപര്യങ്ങൾക്കായുള്ള വാണിജ്യവൽക്കരണവും ഒരുമിച്ചാണ് നീങ്ങുന്നത്. സമുദായവൽക്കരണം കേരളത്തിൽ ഇന്നു നടക്കുന്ന വലതുപക്ഷ വൽക്കരണത്തിന് ആക്കം കൂട്ടുന്നു.

ഒരുകാലത്ത് മതേതരമായിതന്നെയാണ് സമുദായ-മത സംഘടനകളുടെ വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന് പൊതുവെ പറയാം. അധ്യാപക നിയമനത്തിലും, വിദ്യാർത്ഥി പ്രവേശനത്തിലുമൊക്കെ മതനിരപേക്ഷമായി വർത്തിച്ചു. ഇന്നത്തെ സ്ഥിതിയതല്ല, സാമുദായിക താൽപര്യങ്ങൾ (സമൂഹത്തിന്റെ പൊതുതാൽപര്യങ്ങളല്ല) പരിരക്ഷിക്കുവാനും, വളർത്താനുമാണ് പുത്തൻതലമുറ വിദ്യാലയങ്ങൾ നടത്തുന്നത്.

ന്യൂനപക്ഷാവകാശങ്ങളുടെ പേരുപറഞ്ഞ് തുടങ്ങിയ സമുദായവൽക്കരണം ഇന്ന് ഭൂരിപക്ഷ സമുദായങ്ങളെ സംബന്ധിച്ച് ശരിയാണ്. പുതിയ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് സമുദായവൽക്കരണത്തിന് ഒരുപുതിയ മാറ്റം വന്നിരിക്കുന്നു. ഇത് ലീഗുവൽക്കരണമാണ്.

വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും, എല്ലാ തലങ്ങളിലും ഇന്ന് ലീഗുവൽക്കരണമാണ്. ഔദ്യോഗിക സ്ഥാനങ്ങളിലേക്കുള്ള നിയമനങ്ങളിൽ, സമിതികളുടെ രൂപീകരണത്തിൽ എല്ലാം മുസ്ലീം ലീഗിന്റെ നോമിനികളാണ്. ലീഗുവൽക്കരണം സാധാരണ മുസ്ലീങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനല്ല, ഒരു സമുദായത്തിലെ വര്യേണ്യവർഗ്ഗത്തിന്റെ താൽപര്യങ്ങൾക്കാണ്. ഇതിന്റെ ഏറ്റവും പുതിയ തെളിവുകളിലൊന്ന് മലബാർ പ്രദേശത്തെ 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുള്ള തീരുമാനമാണ്. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നു. മാനേജർമാരുടെ താൽപര്യങ്ങളാണ് അവയിൽ ബഹുഭൂരിപക്ഷവും ഒരു വിഭാഗത്തിൽപ്പെട്ട വര്യേണ വർഗ്ഗത്തിന്റെ കൈകളിലാണ്.

കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിലും മാനേജ്മെന്റുകളുടെ താൽപര്യം സംരക്ഷിക്കാനാണ് ഗവൺമെന്റിന്റെ ശ്രമം. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ വ്യവസ്ഥകളിലൊന്നായ സ്കൂൾ മാനേജുമെന്റ് കമ്മിറ്റികൾ എയ്ഡഡ് സ്കൂളുകളിൽ ആവശ്യമില്ലെന്നാണ് കേരള സർക്കാരിന്റെ തീരുമാനം. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങളുണ്ടാക്കുന്നതിനു പകരം നിയമത്തിന്റെ പേരിലുള്ള പല പരിഷ്ക്കാരങ്ങളും വിദ്യാഭ്യാസ താൽപര്യങ്ങൾക്ക് സഹായകമല്ല.

ഉന്നതവിദ്യാഭ്യാസരംഗത്ത് യു.ഡി.എഫ് സർക്കാർ ആദ്യം സ്വീകരിച്ച നടപടികളിലൊന്ന് സർവ്വകലാശാലകളുടെ ജനാധിപത്യ സംവിധാനത്തെ തകർത്ത്, സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുകയായിരുന്നു. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട സിന്റിക്കേറ്റുകൾ പിരിച്ചുവിട്ടു. പുതിയ സിൻഡിക്കേറ്റുകളെ യു.ഡി.എഫ് പ്രധാനമായും ലീഗ് അനുഭാവികളെകൊണ്ട് നിറയ്ക്കുകയാരുന്നു.

എം.ജി. സർവ്വകലാശാലയിൽ സാർവദേശീയമായി അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണനായ ഡോ. രാജൻഗുരുക്കളെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് നടക്കുന്നത്. അവിടെ യുണ്ടാക്കിയ പുരോഗമനോന്മുഖവും, സർവകലാശാല നിലവാരം ഉയർത്തുവാനുദ്ദേശിച്ചുള്ളതുമായ പരി ഷ്ക്കാരങ്ങളെ തകർക്കുകയാണ് ലക്ഷ്യം.

കോഴിക്കോട് സർവകലാശാലയുടെ കാര്യം എടുത്തുപറയണം. അത് അഴിമതിയുടെ വിളനിലയ മായി തീർന്നിരിക്കുകയാണ്. അഴിമതിക്കു നേതൃത്വം നൽകുന്നത് മുസ്ലീംലീഗ് നോമിനിയായ വൈസ് ചാൻസലറാണ്. എല്ലാ ചട്ടങ്ങളും ലംഘിച്ച് ഭൂമി കൈമാറ്റം ചെയ്തു. കോടികളുടെ കോഴ ഇടപാടാണി ത്. ഇക്കഴിഞ്ഞ ദിവസമാണ് കുറെയേറെ സ്വാശ്രയകോളേജുകൾക്ക് നിയമങ്ങളും, നടപടികളും ലംഘിച്ച് പെട്ടെന്ന് അനുമതി നൽകിയത്. ഇവിടെയും കോടികളുടെ ഇടപാടാണ് നടക്കുന്നത്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന ഏറ്റവും വലിയ പരിഷ്ക്കാരം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സ്ഥാപനമായിരുന്നു. പ്രമുഖ വിദ്യാഭ്യാസ വിദഗ്ദ്ധനായ ഡോ. കെ. എൻ. പണിക്കരുടെ സേവനം അതിന്റെ ആദ്യ അധ്യക്ഷനായി ലഭിച്ചുവെന്നത് ഒരുനേട്ടമായിരുന്നു. പുതിയ നേതൃത്വം ആഗോളവൽക്കരണാനുസൃതമായി ഉന്നതവിദ്യാഭ്യാസത്തെ പൂർണ്ണമായും രൂപപ്പെടുത്താനുള്ള ശ്രമമാണ് നടത്തുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നീക്കങ്ങളെ - വിദേശ സർവകലാശാലകൾ അനുവദിക്കുന്നതുൾപ്പെടെ സ്വാഗതം ചെയ്യുകയാണ് പുതിയ ഉന്നതവിദ്യാഭ്യാസ കൗൺസിൽ.

സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസം പ്രതിസന്ധിയിലാണെന്ന് പറഞ്ഞാൽപോരാ, തകർച്ച യിലേക്ക് നീങ്ങിക്കഴിഞ്ഞുവെന്ന് പറയണം. ഇവിടെ പ്രതിസന്ധിയുടെ തുടക്കം 2001 ലെ ആന്റണി മന്ത്രി സഭയുടെ കാലത്താണ്. യാതൊരു മാനദണ്ഡവുമില്ലാതെ, യാതൊരു വ്യവസ്ഥയുമില്ലാതെ അപേക്ഷിച്ച വർക്കൊക്കെ പ്രൊഫഷണൽ കോളേജുകൾ നൽകിയ വിശാലഹൃദയനാണ് ആന്റണി. മാനേജുമെന്റു കൾതന്നെ വഞ്ചിച്ചുവെന്ന് പിൻകാലത്ത് അദ്ദേഹം വിലപിക്കുകയുണ്ടായി. സ്വാശ്രയ മാനേജുമെന്റുകൾ വഞ്ചിച്ചത് ശ്രീമാൻ ആന്റണിയെ മാത്രമല്ല, കേരളത്തിലെ പൊതുസമൂഹത്തെയുമാണ്. അതേ മാനേജു മെന്റുകളുമായാണ് യു.ഡി.എഫ് സർക്കാർ ഫീസ് കുത്തനെ ഉയർത്തികൊണ്ടും കോഴക്കുള്ള പുതിയ വാതായനങ്ങൾ തുറന്നുകൊടുത്തുകൊണ്ടും കരാർ ഉണ്ടാക്കിയിരിക്കുന്നത്. അടുത്തയിടെ സ്വാശ്രയ എഞ്ചി നീയറിംഗ് കോളേജുകളെപ്പറ്റി കേരള ഹൈക്കോടതി നടത്തിയ പരമാർശങ്ങളും നിർദ്ദേശങ്ങളും തകർന്നു കൊണ്ടിരിക്കുന്ന ഇ പ്പോഴത്തെ സ്വാശ്രയ സംവിധാനത്തിനൊരു താക്കീതാണ്.

ഈ പശ്ചാത്തലത്തിലാണ് അധ്യാപക-വിദ്യാർത്ഥി സംഘടനകൾ താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിക്കുന്നത്.

- ☞ പൊതുവിദ്യാഭ്യാസത്തെ മതനിരപേക്ഷവും ജനാധിപത്യപരവുമായി സംരക്ഷിക്കുക
- ☞ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- ☞ അധ്യാപക പരിശീലനത്തിന് അക്കാദമിക് ഉന്നമനം ലക്ഷ്യമാക്കുന്ന നടപടികൾ സ്വീകരിക്കുക.
- ☞ സി.ബി.എസ്.ഇ സ്കൂളുകൾ അനുവദിക്കാതിരിക്കുക
- ☞ കേരള പാഠ്യപദ്ധതി സംരക്ഷിക്കുക
- ☞ ഉപദേശക സമിതികൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പുനഃസംവിധാനം ചെയ്യുക.
- ☞ 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയ തീരുമാനം റദ്ദാക്കുക
- ☞ സർവകലാശാലകളുടെ ഭരണം പുനഃസ്ഥാപിക്കുക
- ☞ സ്വാശ്രയ കരാർ റദ്ദാക്കുക
- ☞ കോഴിക്കോട് സർവ്വകലാശാലയുടെ ക്രമവിരുദ്ധ നടപടികളെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നട ത്തുക.

ഈ ആവശ്യങ്ങൾ നേടിയെടുക്കാൻ ഇന്ന് വിപുലമായ ജനപിന്തുണയോടുകൂടിയ ഇടപെടൽ ആവശ്യമായിരിക്കുന്നു. അതിനുള്ള ബോധവൽക്കരണത്തിന് ഈ പ്രസിദ്ധീകരണം സഹായകമാകുമെന്ന് വിശ്വസിക്കുന്നു.

**പ്രൊഫ. നൈനാൻകോശി**
ചെയർമാൻ, കേരള വിദ്യാഭ്യാസ സമിതി

**"മിഴികൾ അടയ്ക്കാതിരിക്കുക**
**കൈകൾ ചേർത്തുപിടിക്കുക**
**കാറ്റിനുനേരെ, ഒഴുക്കിനുനേരെ**
**പോരാട്ടങ്ങളുടെ കൊടിയുയർത്തുക**
**പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക"**

ശുദ്ധചരിത്രം എന്നൊന്നില്ല എന്നാണ് പറയാറുള്ളത്. ചരിത്ര നിർമ്മാണ വേളയിൽ അത് രേഖപ്പെടുത്തുന്നില്ലായെന്നതാണ് ഇങ്ങനെ പറയാൻ കാരണം. പിന്നീട് രേഖപ്പെടുത്തുന്ന ഘട്ടത്തിൽ ചില അശുദ്ധികൾ വന്നുചേരും. എന്നാൽ എത്രത്തോളം അശുദ്ധികൾ കലർന്നാലും, അവ മാറ്റിനിർത്തിയാലും നേട്ടങ്ങളുടെ വിസ്തൃതമായ ചരിത്രമാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന് പറയാനുള്ളത്. പുതിയൊരു ലോകബോധത്തിലേക്കും ജ്ഞാനവ്യവസ്ഥകളിലേക്കും മലയാളി നടന്നുകയറിയത് ഈ പൊതുവിദ്യാഭ്യാസത്തിലൂടെയാണ്.

ജനകീയ ഇടപെടലുകളിലൂടെയാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം വളർന്നുവന്നത്. രാജഭരണകാലത്തുതന്നെ അതിന് തുടക്കമിട്ടു. 1817ലെ തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന റാണി ഗൗരി പാർവ്വതിഭായ് പൗരന്മാർക്ക് വിദ്യാഭ്യാസം നൽകാനുള്ള ഉത്തരവാദിത്വം സർക്കാരിനാണെന്ന് വിളംബരം പുറപ്പെടുവിച്ചു. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**പൊതുവിദ്യാഭ്യാസം വളരുന്നു**

കൊളോണിയൽ കാലഘട്ടത്തിൽ രൂപംകൊണ്ട കേരളത്തിലെ ആധുനിക വിദ്യാഭ്യാസം വളർന്നതും വികസിച്ചതും സാമൂഹ്യ ഇടപെടലുകളിലൂടെയാണ്. എല്ലാവർക്കും വിദ്യാഭ്യാസമെന്നത് സ്വപ്നം മാത്രമായിരുന്ന കാലത്താണ് വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ നമ്മുടെ നാട്ടിൽ ഉയർന്നുവന്നത്. കേരളം ലോകത്തിന് സമ്മാനിച്ച നവോത്ഥാന നായകന്മാർ വിദ്യാഭ്യാസത്തിന്റെ അനന്തസാധ്യതകളെ കണ്ടറിഞ്ഞു. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി, സഹോദരൻ അയ്യപ്പൻ, വൈകുണ്ഠസ്വാമികൾ തുടങ്ങി സാമൂഹ്യനവോത്ഥാന നായകരുടെ ഒരു നീണ്ട നിര മാറ്റങ്ങൾക്ക് വേണ്ടിയുള്ള പടയോട്ടങ്ങളിൽ നായകരായി. കളരികളും കുടിപള്ളിക്കൂടങ്ങളും എഴുത്തുപള്ളികളും സ്ഥാപിതമായി. "ഞങ്ങളുടെ കുട്ടികളെ നിങ്ങളുടെ പള്ളിക്കൂടങ്ങളിൽ പഠിപ്പിച്ചില്ലെങ്കിൽ നിങ്ങളുടെ പാടത്ത് ഞങ്ങൾ പണിക്കിറങ്ങില്ല" എന്ന അയ്യങ്കാളിയുടെ പ്രഖ്യാപനം കാർഷികമേഖലയിലും വിദ്യാഭ്യാസമേഖലയിലും ഒരു പോലെ പ്രകമ്പനം കൊണ്ടു. എണ്ണമറ്റ ചെറുത്തുനിൽപ്പുകളുടെ ഫലമായി എല്ലാവർക്കും വിദ്യാഭ്യാസം എന്ന സ്വപ്നം യാഥാർത്ഥ്യമായി. സാമൂഹ്യനവോത്ഥാന നായകർക്കൊപ്പം ദേശീയവാദികളും ഇടതുപക്ഷ സോഷ്യലിസ്റ്റ് പ്രവർത്തകരും ഈ പോരാട്ടങ്ങളിൽ പങ്കുചേർന്നു. വിദ്യാഭ്യാസം മാനവവിമോചനത്തിന് എന്ന സങ്കൽപ്പം നാട്ടിലാകെ പ്രചരിപ്പിക്കപ്പെട്ടു. സർക്കാരോ, പുരോഗമനേച്ഛുക്കളായ വ്യക്തികളോ, നാട്ടുകാർ കൂട്ടമായോ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളോ ആരംഭിച്ച വിദ്യാലയങ്ങൾ സാമൂഹ്യനീതിക്കും സമത്വത്തിനും വേണ്ടിയുള്ള മുന്നേറ്റങ്ങളായി മാറി. മത പ്രചരണം മുഖ്യ ലക്ഷ്യമാക്കി പ്രവർത്തിച്ച മിഷണറിമാരും കേരളത്തിന്റെ പൊതുവിദ്യാഭ്യാസ ചരിത്രം അടയാളപ്പെടുത്തുന്നതിൽ മുഖ്യകണ്ണികളായി.

സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് പുറമെ കർഷകതൊഴിലാളി മുന്നേറ്റങ്ങൾ, ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം, ഭൂപരിഷ്കരണ നടപടികൾ, അദ്ധ്യാപക പ്രസ്ഥാനത്തിന്റെ പോരാട്ടങ്ങൾ എന്നിവ പൊതുവിദ്യാഭ്യാസത്തിന് ശക്തമായ അടിത്തറപാകി.

**മാറിവരുന്ന വിദ്യാഭ്യാസ സങ്കൽപ്പം**

ആധുനിക കാലത്ത് വിദ്യാഭ്യാസത്തിന്റെ വിമോചന ലക്ഷ്യം വിസ്മരിക്കപ്പെടുകയും മദ്ധ്യവർഗ്ഗ തൊഴിലിനായി കുട്ടികളെ സജ്ജരാക്കലാണ് വിദ്യാഭ്യാസത്തിന്റെ പ്രഥമലക്ഷ്യമെന്നും പ്രചരിപ്പിക്കപ്പെട്ടു. മെച്ചപ്പെട്ട വിദ്യാഭ്യാസമെന്നാൽ മെച്ചപ്പെട്ട വേഷവിധാനവും ഇംഗ്ലീഷിലുള്ള വിദ്യാഭ്യാസവുമാണന്ന ധാരണ പൊതുസമൂഹത്തിൽ പ്രബലമായി. പൊതുവിദ്യാലയങ്ങൾ വളർത്തികൊണ്ടുവന്ന മികവുകൾ വിസ്മൃതമാവുകയും വരേണ്യ വിദ്യാലയങ്ങളുടെ ചെറിയ തിളക്കങ്ങൾ കൊട്ടിഘോഷിക്കുന്ന സ്ഥിതിയുമുണ്ടായി. അവിടങ്ങളിലെ പരീക്ഷകൾ, പരീക്ഷകളിലെ ഉയർന്ന വിജയം, യാന്ത്രികമായ അച്ചടക്കം എന്നിവ പ്രകീർത്തിക്കപ്പെട്ടു. പണംകൊടുത്ത് നേടുന്നതാണ് മെച്ചപ്പെട്ടതെന്ന ധാരണയും വളർന്നു. ബോധപൂർവ്വമായിത്തന്നെ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ട ഈ ആശയങ്ങൾക്ക് സാക്ഷാത്ക്കാരം നൽകുന്നതിന് അൺ എയ്ഡഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾ തഴച്ചുവളർന്നു. യു.ഡി.എഫ്. സർക്കാരുകൾ അധികാരത്തിൽ വന്ന ഘട്ടങ്ങളിലെല്ലാം ഇത്തരം വരേണ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കേരളത്തിൽ പടർന്നു.

**വലതുപക്ഷ സർക്കാരുകളും വിദ്യാഭ്യാസ മേഖലയും**

യു.ഡി.എഫ്. സർക്കാരുകൾ അധികാരത്തിൽ വരുന്ന ഘട്ടങ്ങളിലെല്ലാം വിദ്യാഭ്യാസ മേഖല സംഘർഷാവസ്ഥയിലായിരുന്നു. നിലവിലുള്ള സർക്കാരാകട്ടെ ഈ സംഘർഷാവസ്ഥ മൂർച്ഛിക്കുന്ന നിലയിലേക്ക് എത്തിച്ചിരിക്കുന്നു. സർക്കാർ അധികാരത്തിൽ വന്നതിന്റെ തൊട്ടടുത്തദിവസംതന്നെ വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചത് ഈ രംഗത്ത് മുതൽമുടക്കാൻ സ്വകാര്യവ്യക്തികളേയും സ്ഥാപനങ്ങളേയും കോർപ്പറേറ്റുകളേയും ക്ഷണിക്കുന്നു എന്നാണ്. വിപുലമായ പ്രതിഷേധങ്ങൾ ഉയർന്നുവന്ന ഘട്ടത്തിൽ ആ പ്രഖ്യാപനം പിൻവലിക്കാൻ തയ്യാറായെങ്കിലും ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിനുള്ള അണിയറ നീക്കങ്ങൾ ഇപ്പോഴും സജീവമാണ്. അതിന്റെ ഭാഗമായി കോർപ്പറേറ്റുഭീമന്മാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള തിരക്കിലാണ്. നിലവിലുള്ള അൺ എയ്ഡഡ് വിദ്യാലയങ്ങളെയും വിഴുങ്ങാൻ ശേഷിയുള്ള കോർപ്പറേറ്റ് ഭീമന്മാരാണ് രംഗത്തുവന്നിരിക്കുന്നത്.

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് രണ്ട് മാസം പിന്നിടുമ്പോൾ തന്നെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. നൽകാനുള്ള തീരുമാനമെടുത്തു. ശക്തമായ പ്രക്ഷോഭങ്ങളുടെ ഫലമായി ഈ വർഷം സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. നൽകില്ലെന്ന് വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചു. പക്ഷേ പ്രഖ്യാപനങ്ങൾക്കെതിരായ നിലപാട് എടുക്കുന്ന വിദ്യാഭ്യാസമന്ത്രി ഇത്തവണയും അത് ആവർത്തിച്ചു. സർക്കാർ അധികാരത്തിൽ വന്ന് പത്ത് മാസത്തിനുള്ളിൽ തന്നെ മൂന്നൂറിലേറെ വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. നൽകി. ഒരു വർഷം മൂന്നൂറ് എന്നാണ് കണക്കെങ്കിൽ അഞ്ച് വർഷവും ഈ സർക്കാർ തുടർന്നാൽ 1500 സ്കൂളുകൾക്ക് എൻ.ഒ.സി. നൽകും. അതുവഴി ഏറ്റവും അധികം സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ വിദ്യാലയങ്ങലുള്ള ഇന്ത്യൻ സംസ്ഥാനമെന്നഖ്യാതി നാം നേടും. മാത്രമല്ല പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏതാണ്ട് പകുതിയലധികം സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ വിദ്യാലയങ്ങൾ ഈ മേഖലയിൽ ഉണ്ടാകും.

11-ാം പദ്ധതി രേഖയിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പൊതുസ്വകാര്യപങ്കാളിത്തത്തിനുള്ള കളമൊരുങ്ങിക്കഴിഞ്ഞു. ഇത് വിദ്യാഭ്യാസത്തിന്റെ സ്വാകാര്യവത്ക്കരണത്തിനും വരേണ്യവൽക്കരണത്തിനും ആക്കംകൂട്ടും. പൊതുവിദ്യാലയങ്ങൾ പോലും സ്വാകാര്യമൂലധനത്തിന്റെ സ്വാധീനത്തിൽപെടും. പൊതു ആസ്ഥി സ്വകാര്യവത്ക്കരിക്കപ്പെടും. പൊതുവിദ്യാഭ്യാസത്തിനുള്ള മുതൽമുടക്ക് കുറയുകയും സ്വകാര്യഫണ്ടിംഗ് ശക്തിപ്പെടുകയും ചെയ്യും. പൊതുമേഖലയിൽ മുതൽമുടക്കുന്നതിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന ധനമൂലധന ശക്തികളുടെ നിർദ്ദേശം പടിപടിയായി ഈ മേഖലയിലും നടപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

## വിദ്യാഭ്യാസ രംഗത്തെ സമകാലിക പ്രശ്നങ്ങൾ

**പാഠ്യപദ്ധതി പരിഷ്ക്കരണവും സിലബസ് ഏകീകരണവും**

വിദ്യാഭ്യാസരംഗം വാണിജ്യവത്കരിക്കുന്നതിന്റെ മറ്റൊരുമുഖമാണ് സിലബസ് ഏകീകരണമെന്ന വാദം. മുഖ്യമന്ത്രി തന്നെ ഈ വാദത്തിന് തുടക്കമിട്ടു. കേരളത്തിൽ നിലവിലുള്ള പാഠ്യപദ്ധതിയെ അട്ടിമറിക്കുകയെന്ന ലക്ഷ്യമാണ് ഇതിനു പിന്നിൽ. ഒരു പതിറ്റാണ്ട് പിന്നിടുന്ന പുതിയ പാഠ്യപദ്ധതിയുടെ ഗുണം ഇന്ന് സമൂഹമാകെ തിരിച്ചറിഞ്ഞിട്ടുണ്ട്. ആരംഭകാലത്ത് വിമർശനശരങ്ങളുമായി രംഗത്തുവന്ന മാധ്യമങ്ങളും വ്യക്തികളുമെല്ലാം തങ്ങളുടെ അഭിപ്രായം തിരുത്തുവാൻ തയ്യാറായി. പതിനാല് വർഷം മുമ്പ് പാഠ്യപദ്ധതി പരിഷ്കരിച്ച ഘട്ടങ്ങളിലൊന്നും പാഠ്യപദ്ധതി ചട്ടക്കൂട്, സിലബസ് എന്നിവയുടെ ഏകീകരണമെന്ന വാദം ഉയർന്നിരുന്നില്ല.

സി.ബി.എസ്.ഇ. സിലബസും പാഠപുസ്തകവും കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്ന വാദം വസ്തുതാപരമായി അംഗീകരിക്കാനാവില്ല. എൻ.സി.ഇ.ആർ.ടിയും അക്കാദമിക്ക് പണ്ഡിതന്മാരും മുന്നോട്ട് വെക്കുന്ന കാഴ്ചപ്പാടിന് വിരുദ്ധവുമാണിത്. ഇന്ത്യയെപ്പോലെ ഭൂപ്രകൃതിയും പ്രകൃതിവിഭവങ്ങളിലും കാലാവസ്ഥയിലും ഭാഷയിലും സംസ്കാരത്തിലും വൈവിദ്ധ്യമുള്ള രാഷ്ട്രത്തിലെ പാഠ്യപദ്ധതിയെകുറിച്ച് വ്യക്തമായ കാഴ്ചപാടുകൾ വിവിധ കമ്മീഷനുകൾ മുന്നോട്ടുവെച്ചിട്ടുണ്ട്. പാഠ്യപദ്ധതി, പാഠപുസ്തകം എന്നിവയുടെ രൂപീകരണം സി.ബി.എസ്.ഇയുടെ ചുമതലയല്ല. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പൊതുപരീക്ഷ നടത്തുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും പരീക്ഷയ്ക്കായി സ്ഥാപനങ്ങളെ അഫിലിയേറ്റ് ചെയ്യുകയുമാണ് സി.ബി.എസ്.ഇ.യുടെ ചുമതല. സി.ബി.എസ്.ഇ സ്കൂളുകളിൽ എൻ.സി.ഇ.ആർ.ടി സിലബസ് ആണ് നടപ്പാക്കേണ്ടത്. എന്നാൽ കേന്ദ്രീയ വിദ്യാലയങ്ങളിൽ നവോദയ വിദ്യാലയങ്ങളിലൊഴികെ മിക്കവാറും വിദ്യാലയങ്ങളിൽ സ്വകാര്യ ഏജൻസികളുടെ പുസ്തകമാണ് ഉപയോഗിക്കുന്നത്. കേരളത്തിൽ ഒന്നാം ക്ലാസ്സിലെ പ്രവേശനപ്രായവും എൽ.പി., യു.പി. ഘട്ടങ്ങളും ദേശീയ

തലത്തിൽ നിന്നും വ്യത്യസ്ഥമാണ്. ഈ പ്രശ്നങ്ങൾ ആകെ പരിശോധിച്ചാൽ സിലബസ് ഏകീകരണം അപ്രായോഗികമാണെന്ന് കാണാൻ കഴിയും.

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ (എൻ.സി.എഫ്-2005) തയ്യാറാക്കിയ പാഠ്യപദ്ധതിയും പാഠപുസ്തകവും സാമുദായിക ശക്തികളുടെ സമ്മർദ്ദത്തിനു വഴങ്ങി അട്ടിമറിക്കാൻ സർക്കാർ കൊണ്ടുപിടിച്ചു ശ്രമിക്കുകയാണ്. കരിക്കുലം കമ്മിറ്റിയെ മറികടന്നു പാഠപുസ്തകങ്ങളിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ച് ക്യാബിനറ്റ് തന്നെ തീരുമാനമെടുക്കുന്ന അവസ്ഥയുണ്ടായി. ഉദാ:- ശ്രീനാരായണഗുരുവിന്റെ ധർമ സന്ദേശങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തുമെന്ന ഉമ്മൻചാണ്ടിയുടെ പ്രഖ്യാപനം. പാഠ്യപദ്ധതിയിൽ എന്തിനുമാറ്റം വരുത്തുന്നു എന്ന ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടിയ സർക്കാർ ഇപ്പോൾ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയാണ്. നിലവിലുള്ള പാഠ്യപദ്ധതിയെ നഖശിഖാന്തം എതിർക്കുന്നവരാണ് വിദഗ്ദ്ധരായി വരുന്നുവെന്നതും കാണേണ്ടതുണ്ട്. ദേശീയാടിസ്ഥാനത്തിൽതന്നെ മികവുറ്റതെന്നു തെളിയിക്കപ്പെട്ട പാഠ്യപദ്ധതി അട്ടിമറിക്കുന്നതിന്റെ പിന്നിലുള്ള ഗൂഢോദ്ദ്യേശം നാം തിരിച്ചറിയണം.

**എസ്.എസ്.എൽ.സി. പരീക്ഷ നിർത്തലാക്കുന്നു**

പഠനക്രമത്തിലെ ഏറ്റവും നിർണ്ണായകമായ ഘടകമാണ് മൂല്യനിർണ്ണയം. കേരളത്തിൽ പരീക്ഷയെന്നാൽ എസ്.എസ്.എൽ.സി. പരീക്ഷയാണ്. എത്രയേറെ ഒരുക്കങ്ങളാണ് നാം അതിനുവേണ്ടി നടത്തുന്നത്. പരീക്ഷ നടക്കുന്ന മാർച്ചുമാസത്തിന് നാല് മാസം മുമ്പുതന്നെ ഒരുക്കങ്ങളുടെ തീവ്രയജ്ഞം ആരംഭിക്കുകയായി. ചോദ്യകടലാസ് തയ്യാറാക്കുന്നതുമുതൽ ഏറ്റവും രഹസ്യമായി അതിലൊന്നു തെരഞ്ഞെടുക്കുകയും അന്യസംസ്ഥാനത്ത് അച്ചടിക്കുകയും തിരുവനന്തപുരം മുതൽ കാസർക്കോട് വരെയുള്ള ജില്ലകളിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. ട്രഷറികളിൽ സൂക്ഷിച്ചുകൊണ്ട് അന്നന്നത്തെ ചോദ്യകടലാസ് പോലീസ് സഹായത്തോടുകൂടിയാണ് വിതരണം ചെയ്യുന്നത്. പരീക്ഷയുടെ മേൽനോട്ടത്തിന് അന്യവിദ്യാലയത്തിൽ നിന്ന് അധ്യാപകരെ വിന്യസിക്കുന്നു. വിദൂരദേശത്തേയ്ക്ക് അയക്കുന്ന ഉത്തരകടലാസുകൾ ഏറ്റവും സീനിയറായ അധ്യാപകർ മൂല്യനിർണ്ണയം നടത്തുന്നു. ഇങ്ങനെ അത്യന്തം ഗൗരവത്തോടെയാണ് എസ്.എസ്.എൽ.സി. പരീക്ഷ കേരളത്തിൽ നടക്കുന്നത്. ഈ പരീക്ഷ നിർത്തലാക്കുന്നുവെന്ന ഏകപക്ഷീയമായ പ്രഖ്യാപനമാണ് നാം കേട്ടത്.

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് യൂണിറ്റ് ടെസ്റ്റുകളും അർദ്ധവാർഷിക, വാർഷിക പരീക്ഷകളും ഏർപ്പെടുത്തി സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയരീതി ശക്തിപ്പെടുത്തുകയുണ്ടായി. പാഠപുസ്തകം രണ്ടായി പകുത്ത് രണ്ട് ടേമായി വിതരണം നടത്തി. ആ അർത്ഥത്തിൽ തന്നെ ആദ്യടേമിലും പിന്നീട് വർഷാന്ത്യത്തിലും മൂല്യനിർണ്ണയം നടത്താൻ തീരുമാനിച്ചു. പരീക്ഷകളുടെ എണ്ണം നന്നേ കുറഞ്ഞുപോയെന്ന് ആവലാതിപ്പെട്ടുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ രംഗത്തുവന്നത്. ഓണപരീക്ഷ, ക്രിസ്തുമസ് പരീക്ഷ എന്നിങ്ങനെ പരീക്ഷകളെ പുനർനാമകരണം ചെയ്തവതരിപ്പിച്ചു. ഒരു ഘട്ടത്തിൽ ഇത്തരമൊരു നിലപ്പാട് സ്വീകരിച്ചവരാണ് എസ്.എസ്.എൽ.സി. പരീക്ഷ നിർത്തലാക്കാൻ ഏകപക്ഷീയമായി ആലോചിക്കുന്നത്.

സിലബസ് ഏകീകരണത്തോടൊപ്പമുള്ള തുടരാലോചനകളാണ് മേൽസൂചിപ്പിച്ച പ്രഖ്യാപനത്തിന് കാരണമായത്. സി.ബി.എസ്.ഇ. വിദ്യാലയങ്ങളിൽ ഇപ്പോൾ പത്താം ക്ലാസ്സ് പരീക്ഷ നിർബന്ധമല്ല. ഹോം എക്സാമിനേഷൻ എന്ന പേരിൽ അവിടെ നടക്കുന്ന പരീക്ഷക്ക് യാതൊരുവിധ ഗൗരവവുമില്ല. രണ്ട് വർഷംമുമ്പ് വരെ പൊതുപരീക്ഷയായി നടത്തിയപ്പോഴും തികഞ്ഞലാഘവത്തോടെയാണ് അത് നടത്തിയിരുന്നത്. അതതു സ്കൂളിലെ അദ്ധ്യാപകർ തയ്യാറാക്കുന്ന ചോദ്യകടലാസുകൾ, പരീക്ഷാമേൽനോട്ടത്തിനും അതേ അധ്യാപകർ ഉത്തരകടലാസുകൾ പരിശോധിക്കുന്നതും അവർതന്നെ. ഇങ്ങനെ രൂപപ്പെടുത്തിയെടുക്കുന്ന മാർക്ക് ലിസ്റ്റ് മുദ്രചാർത്തുകയെന്ന ഒരു കടമമാത്രമേ സി.ബി.എസ്.ഇ ക്ക് നിർവ്വഹിക്കാനുള്ളു. കാലങ്ങളായി സി.ബി.എസ്.ഇ.യുടെ വിജയം 95% ശതമാനത്തിന് മുകളിലാണെന്ന കാര്യം ഇത്തരണത്തിൽ ഓർക്കാവുന്നതാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചിട്ടയായ ഇടപെടലുകളിലൂടെ പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിക്കുകയും എസ്.എസ്.എൽ.സി റിസൾട്ട് 90% ശതമാനത്തിലധികമായി വർദ്ധിക്കുകയും ചെയ്ത ഘട്ടത്തിൽ അതിനെതിരെ ഹർത്താൽ പ്രഖ്യാപിച്ചവരാണ് ഇന്നത്തെ ഭരണാധികാരികൾ എന്നും നമുക്ക് ഓർത്തെടുക്കാം. സി.ബി.എസ്.ഇ.യിൽ എന്തോ അതിവിടെയുമെന്ന് ചിന്തിച്ച് ഏകപക്ഷീയമായി പ്രഖ്യാപനം നടത്തുന്നവർ ഒന്നാലോചിക്കുന്നത് നന്നായിരിക്കും. ഇന്നത്തെ പരീക്ഷാരീതിയും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അതാകാം. അതിനാവശ്യമായ സമഗ്രമായ പഠനങ്ങൾ നടത്തണം. അവിടത്തെപ്പോലെ ഇവിടെയും എന്നതത്വമാകരുത് അതിന്റെ അടിത്തറ. ഉത്കുണ്ഠാകുലമായ ഒരു വിദ്യാഭ്യാസ സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ട് വേണം തീരുമാനമെടുക്കാൻ. വിപുലമായ ചർച്ചകളും ഒരുക്കങ്ങളും ഇതിനാവശ്യമാണ്.

**വിദ്യാഭ്യാസവകാശനിയമം കേരളത്തിൽ നടപ്പാക്കുമ്പോൾ**

നമ്മുടെ നാട് സ്വാതന്ത്ര്യം നേടിയതിന് തൊട്ടുപിന്നാലെ ഭരണഘടന രൂപപ്പെടുത്തിയപ്പോൾ രാഷ്ട്രീയ കക്ഷികൾ വിദ്യാഭ്യാസത്തെ വളരെ പ്രധാനപ്പെട്ട ഒന്നായി കണ്ടു. ഇടിഞ്ഞുപൊളിഞ്ഞ സാമൂഹ്യന്തരീക്ഷത്തെ ക്രമപ്പെടുത്തി അടുക്കിവെക്കുന്നതിൽ വിദ്യാഭ്യാസത്തിനും വലിയപങ്കുണ്ടെന്ന് അവർ കരുതി. അതുകൊണ്ടുതന്നെ അടുത്ത പത്ത് വർഷത്തിനുള്ളിൽ രാജ്യത്തെ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് സാർവ്വത്രികവും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുമെന്ന് വാഗ്ദത്തം ചെയ്തു. ആറ് പതിറ്റാണ്ടിനപ്പുറമാണ് ദേശീയമായ ഒരു വിദ്യാഭ്യാസനയം നാം രൂപപ്പെടുത്തിയത്. എന്തായാലും വൈകിയെങ്കിലും അങ്ങനെയൊന്നുണ്ടായത് ആശ്വസിക്കാം. പക്ഷേ കേരളത്തിൽ അത് നടപ്പിലാക്കുമ്പോഴുള്ള പ്രയാസങ്ങൾ വളരെ വലുതാണ്. നേരത്തെ തന്നെ വിദ്യാഭ്യാസരംഗത്ത് അത്യപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ച കേരളത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വളർത്തുകയെന്നതാവണം ലക്ഷ്യം. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കെന്നതുപോലെ തന്നെ അതേ വ്യവസ്ഥകളോടെ ഇവിടെയും നടപ്പാക്കാൻ കഴിയില്ല. അതുകൊണ്ടാണ് വിദ്യാഭ്യാസവകാശ നിയമം കേരളത്തെ സംബന്ധിച്ച് "യുവാവിന് തയ്പ്പിച്ച കുഞ്ഞുടുപ്പെന്ന് " കേരള വിദ്യാഭ്യാസ സമിതി നേരത്തെ തന്നെ അഭിപ്രായപ്പെട്ടത്.

**നിയമത്തിന്റെ പ്രധാന പരിമിതികൾ**

ആറു വയസ്സുമുതൽ പതിനാലുവയസ്സുവരെയുള്ളകുട്ടികൾക്ക് സ്വതന്ത്രവും നിർബന്ധിതവുമായ വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന നിയമത്തിലെ പലവകുപ്പുകളും കേരളത്തിൽ ഇതിനോടകം നടപ്പിലായിട്ടുണ്ട്. ആറ് വയസ്സുവരെയുള്ള കുട്ടികളെ കുറിച്ചും പതിനാല് വയസ്സിനുശേഷമുള്ളവരെകുറിച്ചും ഈ നിയമം മൗനം പാലിക്കുന്നു. ചുരുക്കത്തിൽ കേരളത്തിൽ ഏതാണ്ട് സാർവ്വത്രികമായ പ്രീ-പ്രൈമറി വിദ്യാഭ്യാസവും സെക്കന്ററി-ഹയർസെക്കന്ററി വിദ്യാഭ്യാസവും നിയമത്തിന്റെ പരിധിക്കകത്തു വരുന്നില്ല. അഞ്ച് വയസ് മുതൽ ആരംഭിക്കുന്ന, ഒന്നാം ക്ലാസ് മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികമായ കേരളത്തെ സംബന്ധിച്ച് ഈ നിയമം പുതുമയുള്ളതല്ല. അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ നിയന്ത്രണത്തെ കുറിച്ച് പറയുന്നുണ്ടെങ്കിലും പൊതു-സ്വകാര്യ പങ്കാളിത്തം, ന്യൂനപക്ഷ പദവി എന്നീ മറകൾ ഉപയോഗിച്ച് അൺ എയ്ഡഡ് സ്ഥാപനങ്ങൾ വ്യാപകമാക്കുന്നു. ഇത്തരം സ്കൂളുകളിൽ ഇരുപത്തിയഞ്ച് ശതമാനത്തിന് ഫീസും മറ്റുചെലവുകളും നൽകാൻ പൊതുഖജനാവിലെ പണം ഉപയോഗിക്കുന്നു.

**ഘടനാപരമായ മാറ്റം**

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിൽ നടപ്പാക്കുന്ന ഘടനാമാറ്റം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കും. ഒന്ന് മുതൽ നാല് വരെയുള്ള പ്രൈമറി, അഞ്ച് മുതൽ ഏഴ് വരെയുള്ള അപ്പർ പ്രൈമറി, എട്ട് മുതൽ പത്ത് വരെയുള്ള ഹൈസ്കൂൾ എന്നിവ കൂടാതെ ഒന്നു മുതൽ പത്തുവരെയും, അഞ്ച് മുതൽ പത്തുവരേയും തുടർന്ന് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നതാണ് നിലവിലുള്ള ഘടന. ഇത് ഒന്ന് മുതൽ അഞ്ച് വരേയും ആറ് മുതൽ എട്ട് വരേയും ഒമ്പത് മുതൽ പന്ത്രണ്ട് വരേയും എന്ന് മാറ്റാനാണ് ശ്രമം. സെക്കണ്ടറി ഘട്ടം - എട്ടാംക്ലാസ്സ് വരെ - പൂർത്തിയാക്കുകയെന്നാണോ നിയമം അനുശാസിക്കുന്നത്. നിലവിൽ എട്ടാംക്ലാസ്സിൽ ചേർന്നാൽ പത്താം ക്ലാസ്സ് വരെ പഠനം തുടരാമെന്നസ്ഥിതി നിലനിൽക്കെ എട്ടാം ക്ലാസ്സ് കഴിഞ്ഞ് പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നത് യഥാർത്ഥത്തിൽ ഒരു പിൻവാങ്ങലാണ്. സെക്കണ്ടറി വിദ്യാഭ്യാസം സൗജന്യമെന്ന അവസ്ഥ ഇതോടെ ഇല്ലാതാകും.

പൊതുവിദ്യാഭ്യാസ രംഗത്ത് സർക്കാർ വിദ്യാലയങ്ങളേക്കാൾ അധികം സ്വകാര്യ വിദ്യാലയങ്ങളാണ്. അഞ്ചാം ക്ലാസ്സ് അധികമായി പ്രൈമറി സ്കൂളിനോട് ചേർക്കണമെങ്കിൽ പുതിയ ക്ലാസ്സ് മുറി വേണ്ടിവരും കുട്ടികൾ കുറഞ്ഞപോയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചില സ്കൂളിലെങ്കിലും ക്ലാസ്സ് മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ടാവുമെങ്കിലും ഭൂരിഭാഗത്തിന്റെയും അവസ്ഥ ഇതല്ല. അക്കാദമിക് രംഗത്തോ ഭരണരംഗത്തോ വിലയ പ്രശ്നങ്ങൾ ഇതുണ്ടാക്കുന്നില്ലെങ്കിലും എട്ടാം ക്ലാസ്സ് താഴേക്ക് വരുമ്പോൾ പ്രശ്നങ്ങൾ രൂക്ഷമാകും. 2013 മാർച്ച് 31നുള്ളിൽ വിദ്യാഭ്യാസ അവകാശ നിയമം പരിപൂർണ്ണാർത്ഥത്തിൽ നടപ്പാക്കണമെന്നിരിക്കെ ഇക്കാര്യം സംബന്ധിച്ച ഗൗരവകരമായ ആലോചനകളിലേക്കും നടപടികളിലേക്കും സർക്കാർ പോയിട്ടില്ല.

കേരളത്തിൽ നിലവിലുള്ള അവസ്ഥയിൽ വിദ്യാഭ്യാസവകാശനിയമം എങ്ങനെ ഗുണപരമായി നടപ്പിലാക്കാമെന്ന് എൽ.ഡി.എഫ്. സർക്കാർ ആലോചിച്ചു. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കാൻ വിവിധ കമ്മീഷണുകളെ നിയമിച്ചു. മുൻ വിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി ലിഡാജേക്കബ്ബ്

ചെയർപേഴ്സണായുള്ള കമ്മീഷൻ തയ്യാറാക്കിയ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചു. ഘടനാമാറ്റം ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ് ഗുണകരമെന്ന് തീരുമാനിച്ചു. എന്നാൽ യു.ഡി.എഫ്. സർക്കാർ ആകട്ടെ ഏകപക്ഷീയമായി ഘടനാമാറ്റം പ്രഖ്യാപിച്ചു. പുരോഗമന അധ്യാപക പ്രസ്ഥാനം നടത്തിയ ശക്തമായ ഇടപെടലിന്റെഫലമായി ഘടനാമാറ്റം ഈ വർഷം നടപ്പാക്കില്ലെന്ന് പ്രഖ്യാപിച്ചുണ്ടെങ്കിലും സാങ്കൽപ്പികമായ ഘടനാമാറ്റവുമായി മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്.

**"ആശ്വാസ്" ആശ്വാസമാകുമോ ?**

ഘടനാമാറ്റത്തിന്റെ തുടർച്ചയായിതന്നെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒരു പദ്ധതിയാണ് ആശ്വാസ്. ആർട്സ് , സ്പോർട്സ്, വർക്ക് എക്സ്പീരിയൻസ് ഇൻ സ്കൂൾ (ആശ്വാസ്) എന്ന പേരിൽ നിലവിലുള്ള സ്കൂൾ നാമാന്തരം ചെയ്യപ്പെടും. വിദ്യാഭ്യാസ മേഖലയിൽ ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിവർത്തനങ്ങൾക്ക് അടിസ്ഥാനമായി രൂപപ്പെടുത്തിയ ക്ലസ്റ്റർ സംവിധാനത്തിലെ കുട്ടികൾ കുറഞ്ഞ സ്കൂൾ ആശ്വാസ് ആയി മാറും  കലാ-കായിക- പ്രവർത്തിപരിചയരംഗത്തുള്ള അധ്യാപകരുടെ സേവനം എല്ലാകുട്ടികൾക്കും ലഭ്യമാക്കണമെന്ന ബഹു ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പിലാക്കനാണെന്ന വ്യാഖ്യാനത്തോടെയാണ് ഈ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. അധ്യാപക സംരക്ഷണത്തിനെന്ന പേരിൽ അവതരിപ്പിച്ച പാക്കേജിൽ ഇത്തരമധ്യാപകരെ ഒരു പൂളിലാക്കുകയും അവരെ വിവിധ വിദ്യാലയങ്ങളിലേക്ക് വിന്യസിക്കുകയും ചെയ്യുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ആശ്വാസ് എന്ന യു.ഡി.എഫ് സർക്കാരിന്റെ സ്വപ്ന പദ്ധതി അനുസരിച്ച് അവർ ഇവിടെയുണ്ടായാൽ മതി. ക്ലസ്റ്ററിലെ മദർ സ്കൂളിന്റെ ചുമതലയിൽ കുട്ടികളെ വാഹനസൗകര്യം ഏർപ്പെടുത്തി ആശ്വാസിലെത്തിക്കുമെന്നാണ് പറയുന്നത്. ഒരിക്കലും പ്രായോഗികമാവാത്ത നിർദ്ദേശമാണിത്. കലാകായിക രംഗത്തെ അധ്യാപകർ വിരമിക്കുന്ന മുറയ്ക്ക്  ഈ പഠനസൗകര്യമില്ലാതാവും എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുമെന്ന് പറയുന്ന ഈ പദ്ധതി ഈ ഫണ്ട് നിലച്ചാൽ അവസാനിക്കുന്ന സ്ഥിതിയുമുണ്ടാകും.

2002ൽ 2644 വിദ്യാലയങ്ങൾ ലാഭകരമല്ലയെന്ന പേരിൽ അടച്ചുപൂട്ടാൻ തീരുമാനിച്ച അന്നത്തെ യു.ഡി.എഫ്. സർക്കാർ അതേ ലക്ഷ്യത്തോടുകൂടിയാണ് ആശ്വാസ് എന്ന പദ്ധതിക്ക് തുടക്കമിട്ടതെന്ന് കരുതാം. ഇപ്പോൾ പ്രഖ്യാപിച്ച രീതിയിലാണെങ്കിൽ 2000ത്തോളം സ്കൂളുകൾ ആശ്വാസ് ആയി മാറുകയും അല്ലെങ്കിൽ അവ സ്കൂളുകൾ അല്ലാതായി മാറുകയും ചെയ്യും. 2010ലെ കണക്കനുസരിച്ച് എയ്ഡഡ് മേഖലയിലെ 1694 വിദ്യാലയങ്ങളടക്കം 3415 വിദ്യാലയങ്ങൾ ലാഭകരമല്ലാത്ത സ്കൂളുകളാണ്. നിലവിൽ 12000 സ്കൂളുകളാണ് കേരളത്തിലുള്ളത്. അതിൽ നാലിൽ ഒന്ന് ലാഭകരമല്ലാത്തതാണെന്നും അവ അടച്ചുപൂട്ടാൻ കുറുക്കുവഴി തേടുകയാണ് സർക്കാരെന്നും കരുതുന്നതിൽ തെറ്റില്ല.

**അധ്യാപക പരിശീലനവും  ടാറ്റാ കൺസൾട്ടൻസിയും**

നിലവിലുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായിരുന്ന അധ്യാപക പരിശീലനം സമഗ്രവും ശാസ്ത്രീയവും അർത്ഥപൂർണ്ണവുമായ ഒന്നായിരുന്നു. പാഠ്യപദ്ധതിക്കും അതിന്റെ പ്രയോഗരൂപമായ പാഠപുസ്തകങ്ങൾക്കും അധ്യാപക സഹായികൾക്കുമൊപ്പം പുതിയ ബോധനരീതികൾ സ്വായത്തമാക്കാൻ ഉതക്കുന്ന തരത്തിലുള്ള വിപുലമായ പരിശീലന സംവിധാനമാണ് എൽ.ഡി.എഫ്. സർക്കാർ ഒരുക്കിയത്. കേരളത്തിലെ ക്ലാസ്സ് മുറികൾ സജീവമാകാനും പഠനപ്രവർത്തനങ്ങളിൽ അധ്യാപകർ സർഗാത്മകമായി പങ്കാളികളാവാനും ഈ പരിശീലന പരിപാടികൾ സഹായകമായി.

നിലവിലുള്ള പരിശീലന സമ്പ്രദായത്തിന്റെ പോരായ്മകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് പകരം പരിശീലനത്തെ അപഹസിക്കാനും പ്രഹസനമാക്കുന്നതിനുമാണ് യു.ഡി.എഫ്. സർക്കാർ ശ്രമിച്ചത്. അവധികാല പരിശീലനം വേണ്ടെന്നുവച്ചു. പകരം അധ്യാപക പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അധ്യാപകരുടെ പുനഃപ്രവേശനത്തിന് സഹായകമാവുന്ന വിധത്തിൽ പരിശീലനം ക്രമീകരിച്ചു. ചുരുക്കത്തിൽ അധ്യാപകരുടെ അക്കാദമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിലുപരി പാക്കേജിൽ ഉൾപ്പെട്ടവർക്ക് ലാവണം നിശ്ചയിച്ച് നൽകാനാണ് പരിശീലനമെന്നർത്ഥം. 10, 30, 10 എന്നിങ്ങനെ മൂന്നുഘട്ടങ്ങളിലായി 50 ദിവസത്തെ പരിശീലനമാണ് നിശ്ചയിച്ചിട്ടുള്ളത്. പരിശീലകരായി സർവ്വീസിൽ നിന്ന് വിരമിച്ചവരേയും നിശ്ചയിച്ചുകഴിഞ്ഞു. അവർക്കുള്ള പരിശീലനം ഇപ്പോൾ നടക്കുകയാണ്. കേരളത്തിലെ റിസോഴ്സുകളെ ഒഴിവാക്കി, വിദ്യാഭ്യാസ പരിശീലന ഗവേഷണ സ്ഥാപനമായ എസ്.സി.ഇ.ആർ.ടി യെ നോക്കുകുത്തിയാക്കി പരിശീലനം ടി.സി.എസിന് ഏൽപ്പിക്കാനുള്ള തീരുമാനം അനുവദിക്കില്ലെന്ന് നാം പ്രഖ്യാപിച്ചു. ടി.സി.എസിന്റെ മൊഡ്യൂളുകൾ സ്വീകരിച്ച് എസ്.സി.ഇ.ആർ.ടിയുടെ റിസോഴ്സ് കൂടി ഉപയോഗിച്ച് പരിശീലനം നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. പരിശീലനപരിപാടി ഇവിടെ മൊത്തചുമതല ടി.സി.എസിനെ ഏൽപ്പിക്കാനുള്ള നടപടിയിൽ നിന്ന് സർക്കാർ തൽക്കാലത്തേക്ക് പിൻമാറിയെങ്കിലും ഈ ആപത്തിനെ കുറച്ചുകണ്ടുകൂട. ചില സംസ്ഥാനങ്ങളിൽ എസ്.സി.ഇ.ആർ.ടിയുടെ പ്രവർത്തനം പോലും

സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ സമീപനവും വ്യത്യസ്ഥമല്ലെന്ന് നാം ഓർക്കണം. കേരളത്തിലെ റിസോഴ്സുകൾ ഉപയോഗിച്ച് പോരായ്മകൾ പരിഹരിച്ച് പരിശീലനം ശക്തിപ്പെടുത്തുകയാണ് വേണ്ടത്.

**അധ്യാപക യോഗ്യത പരീക്ഷ**

നാം നേടിയ അറിവുകളെ സമകാലിക സാമൂഹികസാഹചര്യത്തിനനുസരിച്ച് വളർത്തുകയെന്നത് പ്രത്യേകിച്ച് അധ്യാപക സമൂഹം ഏറ്റെടുക്കേണ്ട പ്രധാന കർത്തവ്യമാണ്. അധ്യാപക ശാക്തീകരണമെന്നപേരിൽ മാസത്തിലൊരിക്കൽ അധ്യാപകർ ഒത്തുകൂടുന്നു. ഒരു മാസത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശകലനവും അടുത്തൊരുമാസത്തെ ആസൂത്രണവും ഈ ശാക്തീകരണപരിപാടിയിലെ പ്രധാന ഇനമാണ്. സർവ്വീസിലുള്ള അധ്യാപകർ തങ്ങളുടെ അറിവുകൾ വളർത്തുവാൻ യോഗ്യതാപരീക്ഷ എഴുതണമെന്നായിരുന്നു കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നിലപാട്. 25-30 വർഷം സർവ്വീസുള്ള അധ്യാപകർ ഒന്നരമണിക്കൂർ പരീക്ഷയെഴുതിയാൽ കൂടുതൽ യോഗ്യരാവുമെന്ന ആശയം തന്നെ തെറ്റാണ്. തുടർപരിശീലനമെന്നാണ് വിദ്യാഭ്യാസസമിതിയുടെ നിർദ്ദേശം. അതുകൊണ്ട് തന്നെ സർവ്വീസിലുള്ള അധ്യാപകരെ യോഗതാപരീക്ഷയിൽ നിന്ന് ഒഴിവാക്കണം. ടി.ടി.സിയും, ബി.എഡും യോഗ്യതയായി നേടി വന്നവരാണ് അധ്യാപകർ. സൂക്ഷ്മമായ അനേഷിച്ചാൽ ആവശ്യംവേണ്ട യോഗതയേക്കാൾ യോഗ്യതയുള്ളവരാണ് ഭൂരിഭാഗവും. കൂറെകൂടി സമർത്ഥരായവരെ കണ്ടെത്താൻ മറ്റു പ്രൊഫണൽമേഖലയിലെന്നതുപോലെ അധ്യാപക വിദ്യാർത്ഥിയായി തെരഞ്ഞെടുക്കുമുമ്പ് അഭിരുചി പരീക്ഷ നടത്താവുന്നതാണ് എന്നാണ് വിദ്യാഭ്യാസസമിതിയുടെ യുടെ അഭിപ്രായം.

**പ്രീ-പ്രൈമറി വിദ്യാഭാസവും ഒന്നാം ക്ലാസ്സ് പ്രവേശനവും**

വിദ്യാഭ്യാസവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രവേശനപ്രായം ആറ് വയസ്സാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. മൂന്നോ മൂന്നരയോ വയസ്സുപ്രായമുള്ള കുട്ടികളെ സ്കൂളിലേക്ക് പറഞ്ഞയിക്കുന്ന നാട്ടിലാണ് ആറ് വയസ്സിലേ ഒന്നാം ക്ലാസ്സ് പ്രവേശനം സാധ്യമാകൂ എന്ന് പറയുന്നത്. നിലവിലുള്ള പ്രവേശനപ്രായം അഞ്ച് വയസ്സാണ്. അഞ്ച് വയസ്സ് തികയുന്നതിനുമുമ്പേ അംഗൻവാടിയിലും പ്രീപ്രൈമറിയിലും എത്തുന്നതാണ് നമ്മുടെ കുട്ടികൾ. പ്രീപ്രൈമറി വിദ്യാഭ്യാസം പക്ഷേ ഏകീകരിച്ച രൂപത്തിൽ നമ്മുടെ നാട്ടിൽ നടപ്പിലായിട്ടില്ല. എല്ലാ വിദ്യാലയങ്ങളിലും പ്രീപ്രൈമറി ആരംഭിക്കണമെന്ന് ശ്രീമതി ലിഡാ ജേക്കബ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം നടപ്പിലാക്കാൻ പക്ഷേ സർക്കാർ തയ്യാറായില്ല. സ്വകാര്യ വിദ്യാഭ്യാസ ലോബിയെ സഹായിക്കാനാണ് ഇത്തരമൊരു നിർദ്ദേശത്തെ സർക്കാർ നിരാകരിച്ചത്. ഇന്ത്യയിലെ പല സംസ്ഥാനത്തും കേന്ദ്രീയ വിദ്യാലയമുൾപ്പെടെ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള പല വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരിൽ പ്രവേശനപ്രായം 6 ആയി നിശ്ചയിച്ചാൽ പൊതുവിദ്യാഭ്യാസരംഗത്ത് വലിയ ശൂന്യതയുണ്ടാകും. പുരോഗമന അധ്യാപക പ്രസ്ഥാനം നടത്തിയ ശക്തമായ ഇടപെടലിന്റെ ഭാഗമായി എടുത്ത തീരുമാനത്തിൽ നിന്നും പിന്മാറാൻ സർക്കാർ സന്നദ്ധമായിട്ടുണ്ട്.

**ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി മേഖല**

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽപ്പെടാത്ത ഈ മേഖകളിൽ, സർക്കാർ കൈക്കൊള്ളുന്ന സമീപനം കടുത്ത ആശങ്കകളുയർത്തുന്നതാണ്. ഹയർസെക്കന്ററി മേഖലയിൽ 40 ലേറെ കോമ്പിനേഷനുകൾ ഇപ്പോൾ നിലവിലുണ്ട്. നരവംശശാസ്ത്രവും, ജേണലിസവും ഗാന്ധിയൻ സ്റ്റഡീസുമൊക്കെ ഇന്ന് വിവിധ കോമ്പിനേഷനുകളുടെ ഭാഗമായി കുട്ടികൾ പഠിക്കുന്നു. വിദ്യാഭ്യാസത്തിന്റെ വൈവിധ്യവത്കരണമെന്ന വലിയ ഗുണമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പക്ഷേ ഇത്രയേറെ കോമ്പിനേഷനുകൾ ആവശ്യമില്ലെന്നും പത്തോ പതിനഞ്ചോ ആയി ചുരുക്കാവുന്നതുമാണെന്നാണ് വിദ്യാഭ്യാസമന്ത്രിയുടെ അഭിപ്രായം. ഒഴിവാക്കപ്പെടുന്നവയിൽ മിക്കവയും മാനവിക വിഷയങ്ങൾ ആകുമെന്നാണ് സൂചന. തീർച്ചയായും ഇത് അക്കാദമിക് പ്രശ്നം മാത്രമല്ല സാമൂഹ്യപ്രശ്നം കൂടിയാണ്.

9,10 ക്ലാസുകൾ ഹയർസെക്കന്ററിയോട് ചേർക്കുമെന്നും പ്രഖ്യാപനവുമുണ്ടായി. വിദ്യാർത്ഥി പ്രവേശനത്തിൽ നിലനിന്നിരുന്ന വ്യാപകമായ ക്രമക്കേടുകളും അഴിമതിയും അവസാനിപ്പിക്കാൻ കഴിഞ്ഞത് എൽ.ഡി.എഫ് സർക്കാർ 'ഏകജാലക സംവിധാനം'ഏർപ്പെടുത്തിയതോടെയാണ്. സംവരണതത്വങ്ങൾ പാലിച്ചു അർഹതയുള്ളവർക്ക് പ്രവേശനം നേടാൻ കഴിഞ്ഞിരുന്നു. എന്നാൽ മാനേജുമെന്റിന്റെ സമ്മർദ്ദങ്ങൾക്കു വഴങ്ങി ഏകജാലകസംവിധാനം പുനഃപരിശോധിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. വേണ്ടത്ര ആലോചനകളില്ലാതെ ഏകപക്ഷീയമായി നടത്തിയ ഈ പ്രഖ്യാപനം വലിയ ഉത്കണ്ഠകളാണ് ഈ രംഗത്ത് ഉണ്ടാക്കിയിരിക്കുന്നത്.

വൊക്കേഷണൽ ഹയർസെക്കന്ററി നിർത്തലാക്കുമെന്നായിരുന്നു പ്രഖ്യാപനം. വലിയ പ്രതി

ഷേധം ഉയർന്നുവന്നപ്പോൾ അങ്ങനെ പറഞ്ഞിട്ടില്ലെന്നും പ്രഖ്യാപിച്ചു. അറുപതായിരത്തോളം കുട്ടികൾ ഇന്ന് ആ മേഖലയിൽ പഠിക്കുന്നുണ്ട്. 398 സ്കൂളുകളിലായി വൈവിധ്യമാർന്ന ഈ കോഴ്സുകൾ കുട്ടികൾ പഠിക്കുന്നു. രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വിദ്യാഭ്യാസ സങ്കൽപ്പത്തിന് ഉതകുന്ന തരത്തിലാണ് ഈ കോഴ്സുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാകുന്ന ഒരു കുട്ടി തന്റെ ജീവിതായോധനത്തിനുള്ള തൊഴിലും പഠിച്ചിരിക്കണമെന്നത് നല്ല ആശയമാണ്. Vocationalisation of education എന്നതാകണം ലക്ഷ്യം. അക്കാദമിക് ശ്രേണിയും തൊഴിൽ ശ്രേണിയും ഒന്നിച്ചു കൊണ്ടുപോകണം. ദീർഘകാലത്തെ ആലോചനകളുടേയും അന്വേഷണങ്ങളുടേയും ഭാഗമായി ഇക്കാര്യങ്ങൾ രൂപപ്പെടുത്താവുന്നതേയുള്ളു. ഒരാലോചനയും കൂടാതെയാണ് ഒരു സദസ്സിനുമുമ്പിൽ വിദ്യാഭ്യാസ മന്ത്രി ഈ മേഖല നിർത്തലാക്കും എന്ന് പ്രഖ്യാപിച്ചത്.

3300 വിഷയാധ്യാപകരും 1100 വൊക്കേഷണൽ അധ്യാപകരും 1100 ഇൻസ്ട്രക്ടർമാരും അത്രത്തോളം തന്നെ ലാബ് അസിസ്റ്റന്റുമാരുമുൾപ്പെടെ ഏഴായിരത്തോളം ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഹയർസെക്കന്ററിയുമായി കൂട്ടിച്ചേർക്കുമ്പോൾ നിരവധി പ്രശ്നങ്ങൾ ഉയർന്നുവരും. സീനിയർ/ ജൂനിയർ തസ്തികകളാണ് രണ്ടിടത്തും ഉള്ളതെങ്കിലും നിലവിൽ സമയക്രമം വ്യത്യസ്തമാണ്. വൊക്കേഷണൽ വിഭാഗത്തെ ഹയർ സെക്കന്ററിയുമായി കൂട്ടിച്ചേർക്കാൻ കാര്യമായി പ്രയാസപ്പെടേണ്ടിവരും. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഹയർസെക്കന്ററി മേഖലയിലേക്ക് പുതുതായി ആരും കടന്നുവരാത്ത വണ്ണം അവിടേക്കുള്ള റിക്രൂട്ട്മെന്റ് അവസാനിക്കും എന്നതാണ്. അധ്യാപക പാക്കേജിന്റെ ഭാഗമായി താഴെ സ്ക്കൂൾ ക്ലാസുകളിലേക്കുള്ള അധ്യാപകനിയമനവും തടസ്സപ്പെട്ടിരിക്കുകയാണല്ലോ, ചുരുക്കത്തിൽ വിപുലമായ ഒരു തൊഴിൽ മേഖലയെ പുതുതായി ആരും കടന്നുവരാത്തവണ്ണം നിയമന നിരോധനത്തിന് സമാനമായ സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ് യു.ഡി.എഫ് സർക്കാർ.

**ഹയർസെക്കന്ററി പാഠ്യപദ്ധതി സമീപനരേഖ**

കേരള പാഠ്യ പദ്ധതി ചട്ടക്കൂട് 2007 അടിസ്ഥാനമാക്കിയുള്ള പാഠപുസ്തക പരിഷ്കരണം 2011 –12 ൽ 10–ാം ക്ലാസിൽ എത്തി നിൽക്കുകയാണ്. 2012–13 വർഷത്തിൽ ഇത് ഹയർസെക്കന്ററിയിലേക്കും വ്യാപിപ്പിക്കേണ്ടിയിരുന്നതാണ്. അതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയാക്കിയ ശേഷമാണ് എൽ.ഡി.എഫ് സർക്കാർ ഭരണമൊഴിഞ്ഞത്. എന്നാൽ യു.ഡി.എഫ് സർക്കാർ ആദ്യം ചെയ്തത് 10–ാം തരത്തിലെ പാഠപുസ്തകങ്ങളിൽ ചില കുറ്റങ്ങളും കുറവുകളും കണ്ടെത്തി അവതിരുത്താനുള്ള കമ്മീഷനുകളും കമ്മറ്റികളുമുണ്ടാക്കി പ്രവർത്തനങ്ങൾ വഴിമുടക്കുകയാണ്. ഇതുമൂലം പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ തുടർച്ച നഷ്ടപ്പെട്ടിരിക്കുകയാണ്.

2011 അവസാനമായപ്പോൾ ഹയർസെക്കന്ററി പാഠ്യപദ്ധതി സമീപനരേഖ തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി ചില ശില്പശാലകൾ സംഘടിപ്പിച്ചു. കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പ്രതിലോമകരമായ നിലപാടുകൾ സ്വീകരിച്ച ചിലരുടെ നേതൃത്വത്തിലായിരുന്നു ശില്പശാലകൾ. ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് മുന്നോട്ടുവെക്കുന്ന 12 അധ്യായങ്ങളാണ് സമീപന രേഖയിലുള്ളത് ഒന്നാം അധ്യായം പശ്ചാത്തലമാണ്. ഹയർ സെക്കന്ററിയുടെ നിലവിലുള്ള പശ്ചാത്തലം എൽ.ഡി.എഫ് സർക്കാർ കൈക്കൊണ്ട നടപടികളുടെ ഫലമാണെന്ന് രേഖ വ്യക്തമാക്കുന്നു. കാഴ്ചപ്പാട്, വിശാലലക്ഷ്യങ്ങൾ എന്നീ അധ്യായങ്ങളിൽ കെ.സി.എഫ് മുന്നോട്ടുവെക്കുന്ന് ആശയങ്ങൾക്കുതന്നെയാണ് മുൻഗണന.

ഹയർസെക്കന്ററി പഠനത്തെ മെഡിക്കൽ എഞ്ചിനിയറിങ്ങ് പഠനത്തിനുള്ള യോഗ്യത കോഴ്സായി മാത്രമേ സമീപന രേഖകാണുന്നുള്ളു. അന്തർദേശീയ നിലവാരം എന്ന പൊതുവായ മുദ്രാവാക്യം കൊണ്ട് ഹയർസെക്കന്ററി പഠനത്തിന്റെ ഗുണനിലവാരമുയർത്താൻ കഴിയില്ല. ബോധന മാധ്യമത്തെക്കുറിച്ചും സഗൗരവമായ നിർദ്ദേശം രേഖയിലില്ല. ജ്ഞാനനിർമ്മാണ പ്രക്രിയയിൽ മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള സമീപനത്തിന് എൽ.ഡി.എഫ് സർക്കാർ മുന്തിയ പരിഗണന നൽകിയിരുന്നു. വിദ്യാഭ്യാസശാസ്ത്രപരവും മനശാസ്ത്രപരവുമായ തത്വങ്ങൾ പരിഗണിച്ചും ദേശീയതാൽപര്യം കണക്കിലെടുത്തുമാണ് ഭാഷാനയം പ്രഖ്യാപിക്കേണ്ടത്. ഇത്തരം ചിന്തകളൊന്നും കൂടാതെ ഇംഗ്ലീഷ് ബോധനമാധ്യമമായിരിക്കണമെന്ന് പറയുന്ന അശാസ്ത്രീയ കാഴ്ചപ്പാടാണ് സമീപനരേഖയിലുള്ളത്.

**വിദ്യാഭ്യാസരംഗത്തെ ലീഗുവത്കരണം**

യു.ഡി.എഫ് സർക്കാരിന്റെ അധികാരാരോഹണവും മന്ത്രിമാരെ നിശ്ചയിക്കലും വകുപ്പുവിഭജനവുമെല്ലാം കേരളത്തിലാകെ ചർച്ചചെയ്യപ്പെട്ടതാണ്. മോശമായ പല കീഴ്വഴക്കങ്ങളും പരിഗണനകളും ഏറെ ചർച്ചചെയ്യപ്പെട്ടു. വിവിധ സർക്കാരുകൾ അധികാരത്തിൽ വരുമ്പോഴെല്ലാം വിദ്യാഭ്യാസം പോലെ പ്രധാനപ്പെട്ട വകുപ്പ് ദേശീയ കാഴ്ചപ്പാടില്ലാത്ത പ്രാദേശിക കക്ഷികൾക്ക് വീതം വെച്ചുനൽകുക എന്നത് കേരളത്തിൽ ചർച്ചയായിരുന്നു. ഈ ചർച്ചക്ക് വിരാമമിട്ടുകൊണ്ടാണ് 2006 ൽ അധികാരത്തിൽ വന്ന

എൽ.ഡി.എഫ് സർക്കാർ അതിനുനേതൃത്വം നൽകുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ഒരു നേതാവിനെത്തന്നെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാകാൻ തീരുമാനിച്ചത്. അതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങളുണ്ടായി. പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റത്തെ തകർക്കാനുള്ള നടപടികളാണ് യു.ഡി.എഫ് സർക്കാർ സ്വീകരിക്കുന്നത്.

കോഴിക്കോട് സർവ്വകലാശാല ഭൂമിദാനപ്രശ്നം, വിദ്യാഭ്യാസ മേഖലയെ നാശോന്മുഖമാക്കിയ ലീഗുവത്ക്കരണത്തിന്റെ ദുരന്തങ്ങളിൽ ഒന്നുമാത്രമാണ്. യു.ഡി.എഫ് സർക്കാർ അധികാരമേറ്റ അന്നു തുടങ്ങിയ ലീഗുവത്ക്കരണ പ്രക്രിയ എല്ലാ അതിരും ലംഘിച്ച അവസ്ഥയിലാണ്. വിദ്യാഭ്യാസമേഖല യുമായി ബന്ധപ്പെട്ട മുഴുവൻ സ്ഥാനങ്ങളിലും സമിതികളിലും മുസ്ലീം ലീഗുകാരെ കുത്തിനിറച്ചിരിക്കുക യാണ്. ലീഗിന്റെ നേതാക്കൾ നിശ്ചയിക്കുന്ന വിദ്യാഭ്യാസനയം ചുമക്കേണ്ട അതിദയനീയമായ അവസ്ഥ യാണ് സംസ്ഥാനം നേരിടുന്നത്.

കഴിവോ പരിചയമോ ഇല്ലാത്തവരെ ഉന്നതസ്ഥാനങ്ങളിൽ അവരോധിക്കുന്നു. ഐ.ടി @ സ്ക്കൂൾ ഡയറക്ടർ നിയമനമാണ് ഇതിൽ അവസാനത്തേത്. ഐ.ടി @ സ്ക്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ നടന്ന വിവിധ പ്രവർത്തനങ്ങൾ വിദ്യാഭ്യാസമേഖലയിൽ അടയാളപ്പെട്ടത് എൽ.ഡി.എഫ് സർക്കാറിന്റെ കാലത്താണ്. നിലവിലുണ്ടായിരുന്ന ഡയറക്ടറെ ഒഴിവാക്കിക്കൊണ്ട് അബ്ദുൾ നാസർ കൈപ്പഞ്ചേരി എന്നയാളെ യു.ഡി.എഫ് സർക്കാർ നിയമിച്ചു. മന്ത്രി എം.കെ. മുനീറിന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്ര ട്ടറി എന്ന നിലയിലും ലീഗ് പ്രവർത്തകൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു എന്നതാണ് പ്രധാന യോഗ്യത. മുഖ്യമന്ത്രിയുടെ ആപ്പീസ് നിലവിലുണ്ടായിരുന്നയാളെ പിരിച്ചുവിടാൻ ഇടപ്പെട്ടിരുന്നു.

എസ്.സി.ഇ.ആർ.ടി ഡയറക്ടറായി നിയമിതനായത് കേരളാ സർവ്വകലാശാലാ റജിസ്ട്രാറായി രുന്നയാളെയാണ്. എം.എഡും ഡോറക്ടറേറ്റുമുള്ളവരെ മാത്രമേ ഡയറക്ടറായി നിയമിക്കാവൂ എന്നാണ് വ്യവസ്ഥ. ഈ വ്യവസ്ഥകളെല്ലാം അട്ടിമറിച്ചാണ് എസ്.സി.ആർ.ടി. ഫാക്കൽട്ടികളേക്കാൾ കുറഞ്ഞയോ ഗ്യതയുള്ള ഒരാളെ അവിടത്തെ ഡയറക്ടറാക്കിയിരിക്കുന്നത്. നിലവിലുള്ള ഡയറക്ടർക്ക് ബി.എഡ് ബിരുദം പോലുമില്ല. കേരള സർവ്വകലാശാലാ റജിസ്ട്രാറായിരുന്ന കാലത്ത് അക്കാദമിക് യോഗ്യതക ളിൽ തിരിമറി നടത്തിയതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വലിയ വിവാദങ്ങൾ സൃഷ്ടിച്ചിരുന്നു. റിസർച്ച് ഓഫീസർമാരായി യോഗ്യതയും കഴിവും ഉള്ളവരെ തെരഞ്ഞെടുക്കുന്നത് വിദ ഗ്ദ്ധരടങ്ങിയ സമിതിയാണ്. ഡി.പി.ഐ യുടെ നേതൃത്വത്തിൽ നടന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത അർഹ രായവരെ ഒഴിവാക്കി പിൻവാതിലിലൂടെ രണ്ടുപേരെ നിയമിച്ചിരിക്കുകയാണ്. എസ്.സി.ഇ.ആർ.ടി യെ പൂർണ്ണമായും തകർക്കാനുള്ള നടപടിയുടെ ഭാഗമാണിത്. ഉന്നതവിദ്യാഭ്യാസ കൗൺസിൽ സെക്രട്ടറിയും ലീഗിന്റെ സ്വന്തക്കാരനാണ് മലപ്പുറത്ത് അധ്യാപകനായ ശ്രീ അൻവറാണ് ഇപ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സെക്രട്ടറി. ഓപ്പൺ സ്ക്കൂളിന്റെ സംസ്ഥാന കോ-ഓർഡിനേറ്ററായി ഹയർസെക്കന്ററി സ്ക്കൂൾ അധ്യാപകനായ ആളെയാണ് നിയമിച്ചിരിക്കുന്നത്.

എസ്.എസ്.എ. യുടെ സംസ്ഥാന പ്രോഗ്രാം ഓഫീസർമാരായി നിയമിതരായത് ലീഗുകാരായ അധ്യാപകരാണ്. ഡയറ്റിലെ സീനിയർ ലക്ചറർമാരെ നിയമിക്കണമെന്ന വ്യവസ്ഥയാണ് ലംഘിച്ചിട്ടു ള്ളത്. നിയമിതരായ 6 പേരിൽ 2 പേർ ഹൈസ്ക്കൂൾ അധ്യാപകരും ഒരാൾ ജൂനിയർ ലക്ചറുമാണ്. എസ്.എസ്.എ യുടെ പ്രവർത്തനം ഇപ്പോൾ നിർജ്ജീവമാണ്. വിദ്യാഭ്യാസ വകുപ്പിന്റെ പ്രസിദ്ധീകരണ മായ വിദ്യാരംഗം മാസികയുടെ പത്രാധിപർ ലീഗുകാരനായ സംഘടനാ പ്രവർത്തകനാണ്. സാക്ഷരതാ മിഷൻ ഡയറക്ടറും ലീഗ് നോമിനിയാണ്. പ്രധാനാദ്ധ്യാപകരുടെ യോഗ്യതയിൽ പോലും ഇളവു വരുത്തി അറബിക് - ഉറുദു അധ്യാപകരെ പ്രധാനാദ്ധ്യാപകരായി നിയമിക്കാനുള്ള താൽപ്പര്യവും ഇതിന്റെ ഭാഗ മാണ്. ഭാഷാധ്യാപക ഡിപ്ലോമ കോഴ്സ് ബിരുദത്തിനു തുല്യമാക്കി. അദ്ധ്യാപക സംഘടന നേതാക്ക ളുടെ എതിർപ്പ് വകവെക്കാതെയാണ് കരിക്കുലം കമ്മിറ്റിയിൽ മന്ത്രി ഏകപക്ഷീയമായി ഈ തീരുമാനം പ്രഖ്യാപിച്ചത്.

ഒ.എൻ.വി.കുറുപ്പ്, മട്ടന്നൂർ ശങ്കരൻകുട്ടി, പി.ടി.ഉഷ, പി. വത്സല തുടങ്ങി വിവിധ രംഗങ്ങളിൽ പ്രതിഭകളായ കരിക്കുലം കമ്മിറ്റി അംഗങ്ങളാണുണ്ടായിരുന്നത്. ഇവരെയെല്ലാം കമ്മറ്റിയിൽ നിന്നും ഒഴിവാക്കി. പകരം 11 ലീഗുകാരെയാണ് കുത്തിത്തിരുകിയത്. 44 അംഗങ്ങളാണ് ഇപ്പോൾ കമ്മറ്റിയിലു ള്ളത്. ചരിത്രത്തിലെ ഏറ്റവും വലിയ ജംബോ-കമ്മറ്റിയാണെന്നാണ് മാധ്യമങ്ങൾ ഇതിനെ വിശേഷിപ്പി ച്ചത്. പ്രൊഫ. ഹൃദയകുമാരി ടീച്ചർ കമ്മറ്റിയിൽ നിന്നും പിന്നീട് രാജി വെച്ചു. രൂപീകരിച്ചതിനുശേഷം 3 തവണ ചേർന്ന യോഗത്തിലൊന്നും പ്രൊഫ. വി.മധുസൂധനൻ നായർ പങ്കെടുത്തില്ല. കമ്മറ്റിയിൽ കയറിക്കൂടിയവരാകട്ടെ ചർച്ച ചെയ്യുന്നത് സിറ്റിങ്ങ് ഫീസും യാത്രാപ്പടിയും വർദ്ധിപ്പിക്കുന്നതിനെക്കു

റിച്ച് മാത്രമാണ്. കേരളീയ വിദ്യാഭ്യാസത്തിന്റെ ഗതിവിഗതികളെക്കുറിച്ച് ഹൃദയവേദനയോടെ പരിതപിക്കുക മാത്രമല്ല പോരാട്ടത്തിന്റെ കരുത്ത് വർദ്ധിപ്പിക്കുകയാണ് വിദ്യാഭ്യാസത്തെ സ്നേഹിക്കുന്നവർ ചെയ്യേണ്ടത്.

**പൊതുവിദ്യാഭ്യാസരംഗവും കോടതിവിധികളും**

പൊതുവിദ്യാഭ്യാസമേഖലയിൽ വൻ പ്രത്യാഘാതം സൃഷ്ടിക്കുന്ന രണ്ടുവിധികളാണ് ഹൈക്കോടതിയിൽ നിന്നുണ്ടായത്. കുട്ടികൾ കുറവുള്ള അൺഎക്കണോമിക് വിദ്യാലയങ്ങൾ എന്നു നാമകരണം ചെയ്യപ്പെട്ട വിദ്യാലയങ്ങൾ അടച്ചുപൂട്ടി അധ്യാപകരെ സംസ്ഥാനവ്യാപകമായി പുനർവിന്യസിക്കണമെന്നാണ് സിംഗിൾബെഞ്ചിന്റെ വിധി. അൺഎക്കണോമിക് ആയ നാലായിരത്തോളം (മൂന്നിൽ ഒന്ന്) വിദ്യാലയങ്ങൾ അടച്ചുപൂട്ടപ്പെടുമ്പോൾ വളരെയേറെ പിന്നോക്കം നിൽക്കുന്നവരുടെ താൽപര്യങ്ങളാണ് ഹനിക്കപ്പെടുന്നത്. സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്ക് എൻ.ഒ.സി കൊടുക്കാൻ നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കി. ഇത്തരം സ്കൂളുകളാരംഭിക്കാൻ മൂന്നേക്കർ ഭൂമിയും 300 കുട്ടികളും വേണമെന്ന വ്യവസ്ഥയാണ് കോടതി നീക്കിയത്. സമീപപ്രദേശത്ത് പൊതുവിദ്യാലയങ്ങളുണ്ടോയെന്ന 'സ്കൂൾ മാപ്പിംഗും' മുമ്പുനടത്തിയിരുന്നു. പുതിയ സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്ക് എൻ.ഒ.സി നൽകുമ്പോൾ തൊട്ടടുത്ത മറ്റു സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്ക് ഹാനികരമാവുമോയെന്നു മാത്രം നോക്കിയാൽ മതിയെന്നാണ് കോടതി ഭാഷ്യം. പൊതുവിദ്യാലയങ്ങളുടെ മരണമണി മുഴക്കുന്ന ഈ വിധികൾക്കെതിരെ ജനവികരാം ഉയരണം. അപ്പീൽ കൊടുക്കുന്നതടക്കമുള്ള കാര്യങ്ങൽ ആലോചിക്കണം. ഇന്നു ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ചേരിപ്രദേശങ്ങളിലും പിന്നോക്കക്കാരും പട്ടികജാതിക്കാരും താമസിക്കുന്ന കോളനികളിലോ മാത്രമാണ് പൊതുവിദ്യാലയങ്ങൾ അവശേഷിക്കുന്നത്. അത്തരമൊരവസ്ഥയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിന്റെ തുടക്കമാണ് ഈ കോടതിവിധി.

മലയാളം മീഡിയത്തിൽ അധ്യയനം നടക്കുന്ന പൊതുവിദ്യാലയങ്ങൾ ഇംഗ്ലീഷ് മീഡിയം സി.ബി.എസ്.ഇ - ഐ.സി.എസ്.ഇ വിദ്യാലയങ്ങളെക്കാൾ നിലവാരം കുറഞ്ഞതെന്നാണ് കോടതിയുടെ നിരീക്ഷണം. പൊതുവിദ്യാലയങ്ങൾ നിർത്തലാക്കി അവിടങ്ങളിൽ സി.ബി.എസ്.ഇ സ്കൂളുകൾ തുടങ്ങണമെന്നും സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നു. എൻ.സി.ഇ.ആർ.ടി പോലും അഭിനന്ദിച്ച പാഠ്യപദ്ധതിയും മികച്ച ബോധന സമ്പ്രദായവും നിലനിൽക്കുന്ന കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ അപ്രസക്തമാക്കുന്ന കോടതിവിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യണം. അധ്യാപക സംഘടനകളും രക്ഷിതാക്കളും കേസിൽ കക്ഷി ചേരുന്നതിനെക്കുറിച്ച് ആലോചിക്കണം. കേരളത്തിന്റെ സാമൂഹ്യവളർച്ചയുടെ അടിത്തറയായ പൊതുവിദ്യാഭ്യാസത്തെ തകർക്കാനുള്ള നീക്കത്തിനെതിരെ എല്ലാ വിഭാഗം ജനങ്ങളും രംഗത്തുവരണം.

# ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികൾ

ഉദാരവൽക്കരണത്തിന്റെ രണ്ടാംതലമുറ പരിഷ്കാരങ്ങൾക്ക് വിധേയമാക്കികൊണ്ട് ഉന്നതവിദ്യാഭ്യാസത്തെ കേന്ദ്രസർക്കാർ പരിപൂർണ്ണമായും കച്ചവടവൽക്കരിച്ചിരിക്കുകയാണ്. കേന്ദ്രമാനവശേഷി വകുപ്പ് മന്ത്രി കപിൽസിബൽ അധികാരമേറ്റയുടനെ നടത്തിയ പ്രഖ്യാപനങ്ങൾ രണ്ടാം യു.പി.എ സർക്കാരിന്റെ ഈ രംഗത്തെ നയം വ്യക്തമാക്കുന്നതായിരുന്നു.

"1991-ൽ മൻമോഹൻസിംഗ് സാമ്പത്തികരംഗത്ത് നടപ്പാക്കിയ നവലിബറൽ ആഗോളവൽക്കരണ പരിഷ്കാരങ്ങൾ 2009-ൽ വിദ്യാഭ്യാസരംഗത്ത് നടപ്പാക്കുകയാണ് തന്റെ കർത്തവ്യം" എന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. GATSന്റെ ഭാഗമാക്കി ഇന്ത്യൻ വിദ്യാഭ്യാസത്തെ മാറ്റിയെടുത്തുകൊണ്ട് "വിദ്യാഭ്യാസത്തെ പൂർണ്ണമായി അന്താരാഷ്ട്ര വിപണിക്ക് തുറന്നുകൊടുക്കും" എന്നും വിദ്യാഭ്യാസം സംബന്ധിച്ച് ലോകബാങ്കിന്റെ നയം പൂർണ്ണമായും ഇന്ത്യയിൽ നടപ്പിലാക്കും എന്നും അദ്ദേഹം വ്യക്തമാക്കി.

**ലോകബാങ്കിന്റെ നയം**

എന്താണ് ലോകബാങ്കിൻെറ നയം? ഉന്നതവിദ്യാഭ്യാസം അനുഭവ പാഠങ്ങൾ (Higher Education : Lessons of Experience) എന്ന തലക്കെട്ടിൽ ലോകബാങ്ക് 1994 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുന്നവയാണ്.

പ്രസ്തുത റിപ്പോർട്ടിലൂടെ ലോകബാങ്ക് ഉന്നത വിദ്യാഭ്യാസത്തിന് പുതിയ വ്യാഖ്യാനവും പുതിയ സമവാക്യങ്ങളും കണ്ടെത്തുകയുണ്ടായി. അതനുസരിച്ച് ഉന്നതവിദ്യാഭ്യാസം ഒരു സ്വകാര്യ നന്മ (Private Good) യും സ്കൂൾതല വിദ്യാഭ്യാസം ഒരു പൊതുനന്മ (Public Good) യുമാണ്. അതിനാൽ സ്കൂൾതല വിദ്യാഭ്യാസത്തെ മാത്രമെ പൊതുനിക്ഷേപത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുള്ളുവെന്നാണ് ലോകബാങ്ക് വ്യാഖ്യാനിക്കുന്നത്. ഉന്നതവിദ്യാഭ്യാസം ചെലവേറിയ പ്രക്രിയയാണ്. അത് നേടാൻ എല്ലാപേർക്കുമാവില്ല. സാമ്പത്തിക സ്ഥിതി അനുസരിച്ച് ഓരോ വ്യക്തിയും അത് വിലകൊടുത്ത് വാങ്ങേണ്ടതാണെന്നും സ്റ്റേററിൻെറ ഉത്തരവാദിത്വം ഈ രംഗത്ത് പരിമിതമായ തലത്തിൽ മാത്രമാണുള്ളതെന്നും ലോകബാങ്ക് നിർദ്ദേശിക്കുന്നു.

ഈ നയത്തിന് ലോകസമൂഹത്തിൽ കൂടുതൽ സ്വീകാര്യത നേടിയെടുക്കേണ്ടതുണ്ടെന്നും അതിനായി ഓരോ രാഷ്ട്രവും പുതിയ അടവുനയം സ്വീകരിക്കണമെന്നും ലോകബാങ്ക് നിർദ്ദേശിക്കുകയുണ്ടായി. ഈ ലക്ഷ്യം വച്ചുകൊണ്ടാണ് ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ "എല്ലാപേർക്കും ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം" (Quality Education for All) എന്ന മുദ്രാവാക്യം മുന്നോട്ടുവച്ചുകൊണ്ട് വൈജ്ഞാനിക സമൂഹങ്ങൾ (Constructing Knowledge Societies for Tertiary Education) കെട്ടിപ്പടുക്കുവാനുള്ള നയപ്രഖ്യാപനം ലോകബാങ്ക് നടത്തിയത്. ഈ പ്രഖ്യാപനത്തിന്റെ പിന്നിലെ കച്ചവടതാല്പര്യം പൊതു സമൂഹത്തിൽ നിന്നും മറച്ചുവയ്ക്കുകയായിരുന്നു. പുതിയ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ലോകബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള പ്രവർത്തന പരിപാടികൾ പരിശോധിച്ചാൽ ഈ കച്ചവട താൽപര്യം ബോധ്യപ്പെടുന്നതാണ്.

മെച്ചപ്പെട്ട വിദ്യാഭ്യാസം എല്ലാപേർക്കും ലഭ്യമാകണമെങ്കിൽ ഇന്നുള്ള വിദ്യാഭ്യാസ അവസരം ചുരുങ്ങിയ കാലംകൊണ്ട് പതിൻമടങ്ങ് വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി പൊതുനിക്ഷേപം മാത്രം പോരാതെ വരും. സ്വകാര്യ നിക്ഷേപത്തിനുള്ള കൂടുതൽ അവസരങ്ങൾ ഉയർന്നുവരും വിപണന സാധ്യതയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ നിക്ഷേപം കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടും. ഈ രംഗത്ത് കൂടുതൽ ഉദാരവൽക്കരണം ഏർപ്പെടുത്തുവാൻ രാജ്യങ്ങൾ തയ്യാറാകണം. ലാഭകരമല്ലാത്ത പരമ്പരാഗത വിദ്യാഭ്യാസമേഖലയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തി (പി.പി.പി)ലൂടെ നിക്ഷേപം കണ്ടെത്തണം. ഇതാണ് ലോകബാങ്കിന്റെ പ്രവർത്തന പരിപാടി.

ലോകബാങ്കിന്റെ ഈ വീക്ഷണഗതി അതേപടി അനുസരിച്ചു കൊണ്ടാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ ഉന്നതവിദ്യാഭ്യാസമേഖലയിൽ പുതിയ പദ്ധതിനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചത്. ഉന്നതവിദ്യാഭ്യാസരംഗത്ത് കേന്ദ്രനിക്ഷേപം പത്താം പദ്ധതിയിൽ ഉണ്ടായിരുന്നതിനേക്കാൾ ഒൻപതിരട്ടി വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി എന്നാൽ ഇതിനായ് മുടക്കേണ്ടിവരുന്ന **3.52** ലക്ഷം കോടി രൂപയുടെ വെറും **8%** മാത്രമേ കേന്ദ്രബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളു. **92%** വും സ്വകാര്യ നിക്ഷേപത്തിലൂടെയും പൊതു-സ്വകാര്യ പങ്കാളിത്തത്തി (പി.പി.പി) ലൂടെയും കണ്ടെത്തണം എന്നതാണ് സർക്കാർ

പ്രഖ്യാപിച്ചത്. പൊതു ആസ്തികളുടെ ക്രമേണയുള്ള സ്വകാര്യവൽക്കരണമാണ് ഇതിന്റെ പിന്നിലുള്ള ഗൂഢലക്ഷ്യമെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. സ്വകാര്യ മേഖലയ്ക്ക് കടന്നുകയറുവാനുള്ള വഴിതുറക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര മാനവശേഷി വകുപ്പ് മന്ത്രി അത്യന്തം ആകർഷണീയമായ രീതിയിൽ എന്നാൽ കപടമായ ഉദ്ദേശത്തോടെ പുതിയ നിരവധി നിയമനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. **''ദേശീയ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ബിൽ, സാങ്കേതിക-മെഡിക്കൽ സ്ഥാപനങ്ങളിലേയും സർവ്വകലാശാലകളിലേയും അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കാനുള്ള ബിൽ, ദേശീയ അക്രെഡിറ്റേഷൻ റഗുലേറ്ററി ബിൽ, വിദേശ സർവ്വകലാശാലകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള ബിൽ''** തുടങ്ങിയ നിയമ നിർദ്ദേശങ്ങൾക്കെതിരെ നാം ശക്തമായചെറുത്തുനിൽപ്പ് വളർത്തിക്കൊണ്ടുവരികയുണ്ടായിഎന്നാൽ കേന്ദ്രസർക്കാർ തങ്ങളുടെ ജനവിരുദ്ധ നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. മോഹനമായ വാഗ്ദാനങ്ങൾ നൽകുന്ന നിയമങ്ങൾ കൊണ്ടുവരുകയും എന്നാൽ അവയ്ക്കുള്ളിൽ തന്നെ അവയെ പൂർണ്ണമായി നിരാകരിക്കുന്ന വകുപ്പുകൾ ഉൾപ്പെടുത്തുകയും ചെയ്യുന്ന വഞ്ചനയുടെ ശൈലിയാണ് കപിൽസിബൽ സ്വീകരിച്ചത്.

**വിദ്യാഭ്യാസം ഓഹരി കമ്പോളത്തിലേയ്ക്ക്**

രണ്ടാം യു.പി.എ സർക്കാരിന്റെ പുത്തൻ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളും നിയമനിർദ്ദേശങ്ങളും അന്തർദേശീയമായ ചില സാമ്പത്തിക രാഷ്ട്രീയ നിലപാടുകളുടെയും തീരുമാനങ്ങളുടേയും ഭാഗമായുണ്ടായതാണെന്നതിൽ സംശയമില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ നിരവധി കോടികളുടെ അധികനിക്ഷേപം ആവശ്യമായി വരും. അതിൽ തുലോം തുച്ഛമായ തുക മാത്രമെ സർക്കാരിന് നിക്ഷേപിക്കാനാകൂ എന്നാണ് ആസൂത്രണ കമ്മീഷൻ കണക്കാക്കുന്നത്. ചെലവിലേയ്ക്ക് വേണ്ടിവരുന്ന തുകയുടെ 90 ശതമാനവും അധികവിഭവ സമാഹരണത്തിലൂടെയും ആഭ്യന്തരവും വൈദേശികവുമായ സ്വകാര്യ സംരംഭകരെ ആശ്രയിച്ചും നടത്താനാണ് കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്. പബ്ലിക് പ്രൈവറ്റ് പാർട്ട്നർഷിപ്പ് (പി.പി.പി) എന്ന പേരിലാണ് ഈ പദ്ധതി കടന്നുവരിക. എന്നാൽ ഇതര മേഖലകളിൽ സ്വകാര്യ-വിദേശ ഏജൻസികളുടെ പണം ധാരാളമായി ഒഴുകിയെത്തുന്നതുപോലെ വിദ്യാഭ്യാസമേഖലയിലും അത് സാധ്യമാകുമോ എന്നതും ഊഹ കമ്പോളത്തിലെ അനുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗത്തേയ്ക്കുള്ള വികസന പദ്ധതി തയ്യാറാക്കുന്നത് യുക്തിഭദ്രമാണോ എന്നതും പരിശോധിക്കേണ്ടതാണ്. വിദ്യാഭ്യാസത്തെ ഊഹ കമ്പോളത്തിലെ ഉൽപ്പന്നമായി കാണുന്നത് രാജ്യത്തിന്റെ ഭാവിക്ക് ഗുണം ചെയ്യുമോ എന്നതും ചിന്തിക്കേണ്ടതാണ്. സെൻസെക്സ് ഇന്റക്സ് ഉയരുകയും താഴുകയും ചെയ്യും. ഉയരുമ്പോൾ സ്റ്റോക്കിൽ വിൽപ്പന സമ്മർദ്ദമേറും. വിൽപ്പന സ്റ്റോക്കിന്റെ ഇന്റക്സ് താഴോട്ടുകൊണ്ടുവരും. ഇത് ഊഹക്കച്ചവടത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. സർവ്വകലാശാലകളിൽ നിക്ഷേപിച്ചാൽ സ്റ്റോക്കിൽ നിന്ന് പിൻവലിക്കുന്നതുപോലെ പണം പിൻവലിക്കാൻ പറ്റുമോ? സർവ്വകലാശാലകളിൽ നിക്ഷേപിക്കുന്നതിന്റെ സിംഹഭാഗവും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉപയോഗിക്കുക. പ്രൊഡക്ടീവ് സെക്ടറിലോ ഇൻഫ്രാസ്ട്രക്ച്ചർ സെക്ടറിലോ നിക്ഷേപിച്ചാൽ പെട്ടെന്ന് പിൻവലിക്കാൻ കഴിയില്ല. വിദേശ ഫണ്ട് പ്രൊഡക്ടീവ് സെക്ടറിൽ നിക്ഷേപിക്കപ്പെടുമോ ? ഇത്തരം പ്രശ്നങ്ങളോടുള്ള സമീപനമെന്തെന്ന് വിദ്യാഭ്യാസ മേഖലയിലുള്ളവർ കക്ഷി രാഷ്ട്രീയങ്ങൾക്കതീതമായി ചിന്തിക്കേണ്ടതാണ്.

**കേരളത്തിലെ ഇടതു സർക്കാരിന്റെ ബദൽ നയങ്ങളെ തകിടംമറിക്കുന്നു**

ആഗോളവൽക്കരണ നവലിബറൽ സമീപനങ്ങളുമായി കേന്ദ്രസർക്കാർ സാധാരണക്കാർക്കും പാവപ്പെട്ടവർക്കുമെതിരെ യുദ്ധം പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇതിനെതിരെ ശക്തമായി ചെറുത്തുനിൽപ്പ് നടത്തിക്കൊണ്ട് വിദ്യാഭ്യാസരംഗത്ത് കൂടുതൽ അവസരങ്ങൾക്കും സാമൂഹ്യനീതിക്കും ഗുണമേന്മയ്ക്കുംവേണ്ടി ശക്തമായ നടപടികളാണ് കൈക്കൊണ്ടിരുന്നത്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും ജനപങ്കാളിത്തത്തോടെ വികസനപ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനും ശ്രമിക്കുകയുണ്ടായി. ഡിഗ്രിതല വിദ്യാഭ്യാസം പുനഃസംഘടിപ്പിച്ചുക്കൊണ്ട് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കി. വ്യത്യസ്ത ഭൗതിക സാഹചര്യങ്ങളും അക്കാദമിക നിലവാരവുമുള്ള കോളേജുകളെ പരസ്പരം ബന്ധിപ്പിച്ചുക്കൊണ്ടുള്ള ക്ലസ്റ്റർ കോളേജ് സംവിധാനം പ്രായോഗിക രംഗത്ത് കൊണ്ടുവന്നു. സാമ്പത്തിക പിന്നോക്കാവസ്ഥ കൊണ്ടുമാത്രം ഉന്നതവിദ്യാഭ്യാസരംഗത്ത് കടന്നുവരുവാൻ അവസരം നഷ്ടപ്പെടുന്ന മിടുക്കൻമാരെയും മിടുക്കികളെയും സഹായിക്കുന്നതിനുള്ള ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി യാഥാർത്ഥ്യമാക്കി. വിദ്യാർത്ഥി പ്രവേശനം സുതാര്യവും അഴിമതി രഹിതവുമാക്കാനായി ഏകജാലക സംവിധാനം നടപ്പിലാക്കി. ആരോഗ്യ വിദ്യാഭ്യാസരംഗം കൂടുതൽ ഗുണമേന്മയുള്ളതും കാര്യക്ഷമവും ആക്കാനായി മെഡിക്കൽ സർവ്വകലാശാല ആരംഭിച്ചു.

ഉന്നത വിദ്യാഭ്യാസരംഗത്തെ പൊതുനിക്ഷേപം കൂടുതൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 2005-06ൽ 790.34 കോടി രൂപ ആയിരുന്നത് 2010-11ൽ 1573 കോടി രൂപയായി വർദ്ധിപ്പിച്ചു. 2011 -12 അത് 2296 കോടി രൂപയാക്കി. പിന്നോക്ക മേഖലകളിൽ 20 അപ്ലൈഡ് സയൻസ് കോളേജുകളും, 50 കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനും അനുവാദം നൽകി. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളും പരിഷ്കാരങ്ങളും നടപ്പാക്കി.

എന്നാൽ കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് എൽ.ഡി.എഫ് സർക്കാർ ഏർപ്പെടുത്തിയ വികസന പ്രവർത്തനങ്ങൾ പാടെ തകർക്കുന്ന സമീപനമാണ് പുതിയ യു.ഡി.എഫ് സർക്കാർ അധികാരത്തിലേറി ആദ്യവർഷം തന്നെ സ്വീകരിച്ചുകാണുന്നത്. കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയങ്ങൾക്ക് അനുപൂരകമായ നിലപാടുകളും നടപടികളുമാണ് അവർ നടപ്പിലാക്കി വരുന്നത് എന്നത് പ്രതിസന്ധികളെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്.

**സർവ്വകലാശാലാ ഭരണം പിടിച്ചെടുത്തുകൊണ്ടുള്ള നടപടികൾ**

യു ഡി എഫ് സർക്കാർ അധികാരത്തിൽ വന്നയുടനെതന്നെ കേരളത്തിലെ സർവ്വകലാശാലകളിലെ ഭരണം പിടിച്ചെടുക്കുവാനുള്ള ഗൂഢശ്രമവും ആരംഭിക്കുകയുണ്ടായി. ജനാധിപത്യവിരുദ്ധവും കുത്സിതവുമായ മാർഗ്ഗങ്ങളിലൂടെ സർവ്വകലാശാലാ ഭരണസമിതികൾ ഓരോന്നായി പിരിച്ചുവിട്ടുകൊണ്ട് ആജ്ഞാനുവർത്തികളേയും അനുചരരേയും നാമനിർദ്ദേശം ചെയ്ത് ഭരണം കൈക്കലാക്കുകയുണ്ടായി. ഭരണം പിടിച്ചെടുക്കുക എന്നതിന്റെ ആത്യന്തിക ലക്ഷ്യം തങ്ങളുടെ കച്ചവട അജണ്ട സർവ്വകലാശാലകളിൽ നടപ്പിലാക്കുക എന്നതാണ്. ഭംഗിയായ രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സർവ്വകലാശാലാ സിൻഡിക്കേറ്റുകളെ കാലാവധി തീരുന്നതിനു മുൻപ് പിരിച്ചുവിടാനെടുത്ത തീരുമാനം സർവ്വകലാശാലകളുടെ മേലുള്ള സർക്കാറിന്റെ കടന്നാക്രമണവും ജനാധിപത്യ ധ്വംസനവുമാണ്. സർവ്വകലാശാലകളെ വെറും സർക്കാർ വകുപ്പുകൾക്ക് തുല്യമായി തരംതാഴ്ത്തുന്ന നടപടിയുമാണ്.

കോഴിക്കോട് സർവ്വകലാശാലയിൽ സെനറ്റിലേക്ക് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരുന്ന സന്ദർഭത്തിലാണ് യു ഡി എഫ് അധികാരത്തിൽവന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനം മരവിപ്പിച്ചുകൊണ്ട് കാലാവധി പൂർത്തിയാക്കാത്ത സിൻഡിക്കേറ്റിനെ പിരിച്ചുവിടാൻ ഗവർണ്ണർ ഓർഡിനൻസ് ഇറക്കുകയായിരുന്നു. അതിനുശേഷം സ്വന്തക്കാരെ നാമനിർദ്ദേശം ചെയ്ത് ഭരണം പിടിച്ചെടുത്തു. വർഷമൊന്ന് കഴിഞ്ഞിട്ടും തെരഞ്ഞെടുപ്പ് നടത്താൻ സർക്കാർ തയ്യാറായിട്ടില്ല. നഗ്നമായ ജനാധിപത്യലംഘനമാണ് ഈ നടപടി. പുതിയതായി നാമനിർദ്ദേശം ചെയ്ത അംഗങ്ങളിൽ മഹാഭൂരിപക്ഷംപേരും ഒരു ജില്ലയിൽ നിന്നുള്ളവരും ഒരു സമുദായത്തെ മാത്രം പ്രതിനിധീകരിക്കുന്നവരുമാണെന്ന കാര്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. മാത്രവുമല്ല, അധികാരമേറ്റശേഷം ഈ സിൻഡിക്കേറ്റ് ചെയ്തു കൂട്ടുന്ന കാര്യങ്ങൾ അങ്ങേയറ്റം ജനവിരുദ്ധവും സ്വജനപക്ഷപാതപരവുമാണ്. സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ യാതൊരു നിയന്ത്രണവുമില്ലാതെ ആരംഭിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയും കോഴ്സുകൾ പരസ്യമായി ലേലം ചെയ്യുന്ന തരത്തിൽ അനുവദിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഭരണത്തിലെത്തി ഒരു കൊല്ലത്തിനകം 39 ൽ പരം സ്വാശ്രയ കോളേജുകൾക്ക് യാതൊരു തത്വദീക്ഷയും മാനദണ്ഡവുമില്ലാതെ അവർ അനുമതി നൽകുകയുണ്ടായി. അവയിൽ 28 എണ്ണവും ഒരു ജില്ലയ്ക്കുമാത്രമായാണ് നല്കിയിരിക്കുന്നത്.

വി സി യുടെ നേതൃത്വത്തിൽ പുതിയ സിൻഡിക്കേറ്റ് കൈക്കൊണ്ട ഭൂമി പതിച്ചുകൊടുക്കൽ നടപടി വ്യാപകമായ എതിർപ്പിന് കാരണമായി. സർവ്വകലാശാലയുടെ കണ്ണായ ഭൂമി സ്വന്തക്കാർക്കും ബന്ധുക്കൾക്കും പതിച്ചു നൽകുവാൻ തീരുമാനിച്ചത്, കേരള ജനത ഒന്നിച്ചുയർത്തിയ പ്രതിഷേധത്തിന്റേയും പ്രതിരോധത്തിന്റേയും പശ്ചാത്തലത്തിലാണ് പിവലിക്കാനിടയായത്.

ഇപ്പോൾ അൺ എയ്ഡഡ് കോളേജുകൾക്ക് റഗുലർ കോളേജുകളുടേതിനു തുല്യമായ പദവി നൽകുവാൻ വി സി യും സിൻഡിക്കേറ്റും തീരുമാനിച്ചിരിക്കയാണ്. ഇത് കേരളത്തിലെ സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങളെ തളർത്തുന്നതിനും, സ്വകാര്യ അൺ എയ്ഡഡ് മേഖലയ്ക്ക് അമിതമായ പ്രാധാന്യം നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. വിദ്യാഭ്യാസ കച്ചവടക്കാർ തന്നെ സർവ്വകലാശാല ഉന്നത വിദ്യാഭ്യാസരംഗത്തെ ഭരിക്കുമ്പോൾ ഇത്തരം തീരുമാനങ്ങൾ സ്വാഭാവികം മാത്രമാണ്. കാലിക്കറ്റ് സർവ്വകലാശാലാ വി സി യും, കൂട്ടാളികളും പൊതുമുതൽ കൊള്ളയടിക്കുകയും ഖജനാവ് ധൂർത്തടിക്കുകയുമാണ്. വമ്പിച്ച അഴിമതിയാണ് ഈ സർവ്വകലാശാലാ നടത്തിപ്പിൽ ഇപ്പോൾ ദൃശ്യമാകുന്നത്. ഇതിനെ ചോദ്യം ചെയ്യുന്നവരെ വൈരനിര്യാതനബുദ്ധിയോടെ കാണുകയും

അവർക്കെതിരെ ശിക്ഷണനടപടികൾ കൈക്കൊള്ളുകയും ചെയ്യുകയാണ്. വി സി യുടെ ഏകാധിപത്യപരമായ നടപടികളെ വിമർശിക്കാൻ അദ്ധ്യാപകർക്കോ, വിദ്യാർത്ഥികൾക്കോ, ജീവനക്കാർക്കോ അവകാശമില്ല !.

സർവ്വകലാശാലയിൽ സംഘടനാ സ്വാതന്ത്ര്യവും തെറ്റിനെതിരെ പ്രതിഷേധിക്കുവാനുള്ള ജനാധിപത്യാവകാശവും നിഷേധിച്ചിരിക്കയാണ്. ക്യാമ്പസിൽ പൂർണ്ണമായും അടിയന്തരാവസ്ഥ നടപ്പാക്കിയിരിക്കയാണ്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമെതിരെ കള്ളക്കേസുണ്ടാക്കുകയും ശിക്ഷണനടപടികൾ കൈക്കൊള്ളുകയുമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏറെ പ്രതീക്ഷയോടെ മുൻ സർക്കാർ നടപ്പിലാക്കിയ സി ബി സി എസ് പരിഷ്ക്കാരത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പുതിയ സിൻഡിക്കേറ്റ് അട്ടിമറിച്ചിരിക്കയാണ്. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ വർഷാന്ത്യത്തിൽ ഒന്നിച്ചു നടത്താൻ തീരുമാനിച്ചുകൊണ്ട് സെമസ്റ്റർ സമ്പ്രദായത്തിന്റെ അടിത്തറ തകർക്കുന്ന നടപടി സ്വീകരിക്കുകയുണ്ടായി. പരീക്ഷകൾ യഥാസമയം നടത്താനോ, മൂല്യനിർണ്ണയം ചിട്ടയായി നടത്താനോ വേണ്ടശ്രമം സിൻഡിക്കേറ്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഇത് പുതിയ പരിഷ്ക്കാരത്തിന്റെ മൂല്യം തകർക്കുന്നതിനും, അത് ഒരു പരാജയമാണെന്ന് വരുത്തിത്തീർക്കുന്നതിനും വേണ്ടിയുള്ള ഗൂഢശ്രമമാണെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു.

എം ജി സർവ്വകലാശാലയിൽ അങ്ങേയറ്റം മാതൃകാപരമായി പ്രവർത്തിച്ചുവന്ന സിൻഡിക്കേറ്റിനെ പിരിച്ചുവിട്ട് യു. ഡി എഫ് സർക്കാർ പുതിയ സിൻഡിക്കേറ്റ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുകയുണ്ടായി. പുതിയ സിൻഡിക്കേറ്റ് നിലവിൽ വന്നശേഷം പരസ്യമായ വിദ്യാഭ്യാസ കച്ചവടമാണ് അവിടെ നടക്കുന്നത്. ഓഫ് കാമ്പസ് സെന്ററുകൾ എന്ന പേരിൽ നടക്കുന്ന ഡിഗ്രി കച്ചവട സ്ഥാപനങ്ങളുടെമേൽ പരിമിതമായ തോതിലെങ്കിലുമുണ്ടായിരുന്ന സർവ്വകലാശാലാ നിയന്ത്രണം പിൻവലിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. സർവ്വകലാശാലാ വൈസ്ചാൻസിലറെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ യു ഡി എഫ് സിൻഡിക്കേറ്റംഗങ്ങൾ അനുവദിക്കുന്നില്ല. സർവ്വകലാശാലാ നിയമത്തിനും വ്യവസ്ഥകൾക്കും വിധേയനായി പ്രവർത്തിക്കുന്ന വൈസ്ചാൻസിലറെ തങ്ങളുടെ സ്വാർത്ഥമായ താല്പര്യങ്ങൾ അനുവർത്തിക്കുവാൻ നിർബന്ധിക്കുകയാണ്. അതിനു കൂട്ടാക്കാത്ത വൈസ്ചാൻസിലറെ ഭീഷണിപ്പെടുത്തുവാനും, കെട്ടിച്ചമച്ച ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അന്വേഷണ പ്രഹസനം നടത്തുവാനും അവർ തയ്യാറായി. ചില സിൻഡിക്കേറ്റംഗങ്ങളുടെ അറിവോടെയും ഒത്താശയോടെയും മാർക്ക്ലിസ്റ്റ് ഷീറ്റ് മോഷണം നടന്നത് യഥാസമയത്തുള്ള ശക്തമായ ജനകീയ ഇടപെടലിനെ തുടർന്ന് പുറത്തായത് നാമേവരും കണ്ടതാണ്. അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് അനുകൂലവും, സർക്കാർ എയ്ഡഡ് പൊതുവിദ്യാലയങ്ങൾക്ക് പ്രതികൂലവുമായ നയങ്ങളും നടപടികളുമാണ് സിൻഡിക്കേറ്റ് കൈക്കൊണ്ടുപോരുന്നത്.

കണ്ണൂർ സർവ്വകലാശാലയിലും നിലവിലുണ്ടായിരുന്ന സിൻഡിക്കേറ്റിനെ പിരിച്ചുവിട്ട് തങ്ങളുടെ ആജ്ഞാനുവർത്തികളെ നിയമിക്കുവാൻ യു ഡി എഫ് സർക്കാരിനു കഴിഞ്ഞു. പുതിയ സിൻഡിക്കേറ്റ് അധികാരത്തിൽ വന്നയുടൻ തന്നെ തികച്ചും രാഷ്ട്രീയ പ്രേരിതവും അക്കാദമിക താൽപര്യങ്ങൾക്ക് വിരുദ്ധവുമായ നടപടികളാണ് യു.ഡി.എഫ് അനുകൂല സിൻഡിക്കേറ്റ് കൈക്കൊണ്ടുവരുന്നത്. കോടതി നിർദ്ദേശം പോലും ധിക്കരിച്ചുകൊണ്ട് പകരം സംവിധാനമൊന്നും ഏർപ്പെടുത്താതെ മൂന്ന് പി. ജി ഡിപ്പാർട്ടുമെന്റുകളുടെ കോഴ്സ് ഡയറക്ടർമാരുടെ ഡെപ്യൂട്ടേഷൻ റദ്ദാക്കുകണ്ടായി. അത് ആ സ്ഥാപനങ്ങളുടെ നടത്തിപ്പിനെ തന്നെ ബാധിക്കുകയുണ്ടായി. രാഷ്ട്രീയ പ്രേരിതമായി അദ്ധ്യാപകരുടെ നിയമനാംഗീകാരം നൽകാതെ തടഞ്ഞുവയ്ക്കുകയും, അദ്ധ്യാപകരുടെ മേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്ന നടപടികൾ തുടരുകയാണ്. ഭംഗിയായി നടത്തിപ്പോരുന്ന ക്രഡിറ്റ്-സെമസ്റ്റർ സമ്പ്രദായത്തെ അട്ടിമറിക്കാനായി രാഷ്ട്രീയ മുൻവിധിയോടെ അദാലത്ത് നടത്തുകയാണ്. പരീക്ഷയും ഫലപ്രഖ്യാപനവും അവതാളത്തിലാക്കുന്ന സമീപനമാണ് സിൻഡിക്കേറ്റ് കൈക്കൊള്ളുന്നത്. യൂണിവേഴ്സിറ്റി വികസനം മുരടിപ്പിക്കുന്ന തരത്തിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് ഇക്കൂട്ടർ തടസ്സം നിൽക്കുകയാണ്.

കേരള സർവ്വകലാശാലയുടെ കാര്യത്തിൽ യു ഡി എഫ് സർക്കാർ സ്വീകരിച്ചത് നിലവിലുണ്ടായിരുന്ന ഐ.ടി-ബി.ടി മേഖലയിൽനിന്നും നാമനിർദ്ദേശം ചെയ്ത അംഗങ്ങളെ അവരുടെ കാലാവധി തീരുന്നതിനുമുൻപ് സിൻഡിക്കേറ്റിൽനിന്ന് പുറത്താക്കി തൽസ്ഥാനത്തേക്ക് തങ്ങളുടെ അഞ്ച് തൽപ്പരകക്ഷികളെ നാമനിർദ്ദേശം ചെയ്ത് ഭൂരിപക്ഷമുണ്ടക്കുക എന്ന തന്ത്രമാണ്.

സർക്കാർ ഉദ്യോഗസ്ഥരായ എക്സ് ഒഫിഷ്യോ അംഗങ്ങളുടെ കൂടി പിൻബലത്തോടെ കേരളാ സർവ്വകലാശാലയിലും യു ഡി എഫ് സർക്കാർ തങ്ങളുടെ കച്ചവടനയം നടപ്പിലാക്കുകയാണ്. സർവ്വകലാശാലാ പരീക്ഷകൾ യഥാസമയം നടത്തുന്നതിനും, പരീക്ഷാമൂല്യനിർണ്ണയം

സമയബന്ധിതമായി നടപ്പിലാക്കി ഫലം പ്രഖ്യാപിക്കുന്നതിനും ശ്രമിക്കുന്നില്ല. അപേക്ഷിക്കുന്നവർക്കെല്ലാം കോഴ്സുകൾ അനുവദിക്കുന്നതിനും പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനും മാത്രം ഉത്സാഹം കാണിക്കുന്ന സമീപനമാണ് യു ഡി എഫ് അംഗങ്ങൾ സ്വീകരിച്ചുപോരുന്നത്. നിലവിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ കോഴ്സുകളും പരീക്ഷകളും ഭംഗിയായി നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടാകുന്ന സാഹചര്യം നിലനിൽക്കുമ്പോൾ തന്നെ, പുതിയ കോഴ്സുകൾ ആരംഭിക്കാൻ യാതൊരു തത്വദീക്ഷയും പാലിക്കുന്നില്ല.

**ഓഫ് ക്യാമ്പസ്-ലേണർ സപ്പോർട്ട് സെന്ററുകൾ**

എം ജി- കാലിക്കറ്റ് സർവ്വകലാശാലകളിൽ നടപ്പാക്കിയ ഓഫ് ക്യാമ്പസ് സെന്ററുകൾ ഡിഗ്രി-കച്ചവടം നടത്തുന്ന കേന്ദ്രങ്ങളായ് അധപതിച്ചിരിക്കുകയാണെന്ന ആക്ഷേപം നിലനിൽക്കെത്തന്നെ, കേരള സർവ്വകലാശാലയിലും ലേണർ സപ്പോർട്ട് സെന്റർ എന്ന പേരിൽ ഓഫ് ക്യാമ്പസ് സെന്ററുകൾ അനുവദിക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കയാണ്. യു. ജി. സി യും മറ്റ് പഠന കമ്മിഷനുകളും നിരുത്സാഹപ്പെടുത്താനാവശ്യപ്പെട്ട ഓഫ്- ക്യാമ്പസ് സമ്പ്രദായം കൂടുതൽ ശക്തമായി ആരംഭിക്കുന്നതിലൂടെ വമ്പിച്ച കച്ചവടത്തിന് വഴിയൊരുക്കുകയാണ്. ഉന്നത വിദ്യാഭ്യാസ ഗുണനിലവാരം താഴുന്നതിനും സർവ്വകലാശാലയുടെ പ്രശസ്തി നഷ്ടപ്പെടുന്നതിനും മാത്രമേ ഈവക സെന്ററുകൾ ഉപകരിക്കൂവെന്ന വസ്തുത ശക്തമായ് ഉന്നയിക്കുവാനും ഇത്തരം നടപടികളിൽ നിന്നും സർവ്വകലാശാലാ ഭരണ സമിതിയെ പിൻതിരിപ്പിക്കുവാനും കഴിയേണ്ടതുണ്ട്.

**പുതിയ ഉന്നതവിദ്യാഭ്യാസ കൗൺസിൽ**

ശാസ്ത്രീയമായ പഠനങ്ങളിലൂടെയും വിപുലമായ ജനകീയ ചർച്ചകളിലൂടെയും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കും സാമൂഹ്യനീതിയിലധിഷ്ഠിതമായ വികാസത്തിനും ഉതകുന്ന തരത്തിലുള്ള പരിഷ്ക്കാരങ്ങൾക്ക് രൂപം നൽകുവാനും യോജ്യമായ തീരുമാനങ്ങളെടുക്കുന്നതിൽ സർക്കാരിന് വേണ്ട ഉപദേശം നൽകുനാനും ഉത്തരവാദപ്പട്ട സമിതി എന്ന നിലയിലാണ് മുൻ സർക്കാർ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് രൂപം നൽകിയത്. ഈ ഉത്തരവാദിത്വം ഏറ്റെടുത്തുനടത്തുന്നതിന് എൽ. ഡി. എഫ് സർക്കാർ കണ്ടെത്തിയത് പ്രാഗത്ഭ്യവും പരിചയവുമുള്ള ശ്രദ്ധേയനായ വിദ്യാഭ്യാസ വിചക്ഷണനും മുൻ വൈസ്ചാൻസിലറുമായ ഡോ.കെ.എൻ.പണിക്കരെയാണ്. അദ്ദേഹത്തോടൊപ്പം ഈ മേഖലയിൽ ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ള ഒരു വിദഗ്ദ്ധ ടീമിനെ അംഗങ്ങളായി കണ്ടത്തുകയും ചെയ്തു. ഡോ.കെ.എൻ.പണിക്കരും കമ്മിറ്റി അംഗങ്ങളും അവരുടെ കർത്തവ്യം ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. ഡോ.കെ.എൻ.പണിക്കരുടെ നേതൃത്വത്തിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ നാം ഏറെ ചർച്ച ചെയ്തിട്ടുള്ളതാണ്. ദേശീയതലത്തിൽ പ്രശംസനേടിയ പ്രസ്തുത കൗൺസിൽ രാജ്യത്തിനാകെ മാതൃകയായിരുന്നു സി.ബി.സി.എസ് പരിഷ്ക്കാരം, പാവപ്പെട്ട കുട്ടികൾക്കുള്ള ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, കോളേജുകളുടെ ഭൗതികവും അക്കാദമികളുമായ സൗകര്യങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനുള്ള ക്ലസ്റ്റർ സമ്പ്രദായം, ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും മികവ് പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള എറുഡിറ്റ്, ആസ്പെയർ, സാധന, ഇൻകൾക്കേറ്റ്, അക്വയർ, നർചർ തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉന്നത വിദ്യാഭ്യാസകൗൺസിൽ എൽ. ഡി. എഫ് സർക്കാറിന് വഴികാട്ടിയായ് നിന്നു. ഈ പദ്ധതികളെല്ലാം ദേശവ്യാപകമായ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തിരുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസകൗൺസിലിന്റെ മാതൃക അനുകരണീയമാണെന്ന് കേന്ദ്ര മാനവശേഷി വകുപ്പും യു. ജി. സി യും അക്കാദമിക് സമൂഹത്തിന്റെ മുമ്പിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

യു. ഡി. എഫ് സർക്കാർ അധികാരമേറ്റശേഷം ഉന്നത വിദ്യാഭ്യാസ കൗൺസിൽ പുഃസംഘടിപ്പിക്കുകയുണ്ടായി നയതന്ത്രജ്ഞനായിരുന്ന ടി. പി ശ്രീനിവാസനാണ് കൗൺസിലിന്റെ പുതിയ വൈസ്ചെയർമാൻ. കൗൺസിലിന്റെ വൈസ്ചെയർമാനായി നിയമിക്കപ്പെടുന്നയാൾ സർവ്വകലാശാലാതലത്തിൽ പ്രവർത്തിച്ച് പ്രാവീണ്യം നേടിയിട്ടുള്ളയാളും വൈസ്ചാൻസിലർ പദവിയിലുള്ളയാളുമായിരിക്കണമെന്ന വ്യവസ്ഥ യു. ഡി. എഫ് സർക്കാർ നിരാകരിച്ചിരിക്കയാണ്. കൗൺസിൽ അംഗങ്ങളായി നാമനിർദ്ദേശം ചെയ്തവരുടെ കാര്യത്തിലാകട്ടെ അവരാരും തന്നെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സാഹചര്യങ്ങളെ ജനപക്ഷത്തു നിന്ന് നോക്കിക്കാണുന്നതിനും അവയെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനും ശ്രമിച്ചിട്ടുള്ളവരോ ശദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ളവരോ അല്ല.

പുതിയ കൗൺസിൽ നിലവിൽ വന്ന ശേഷം, മുൻ കൗൺസിലിന്റെ കാലത്തു നടപ്പിലാക്കിയ ഗുണപരമായ

പരിഷ്ക്കാരങ്ങളെയെല്ലാം തകിടം മറിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ ഡിഗ്രിതലപഠന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഉന്നതവിദ്യാഭ്യാസകൗൺസിൽ വിഭാവനംചെയ്ത് എൽ. ഡി. എഫ് സർക്കാർ നടപ്പിലാക്കിയ ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം അപാകതകൾ നിറഞ്ഞതാണെന്ന് പ്രചരിപ്പിച്ച് ഇല്ലായ്മ ചെയ്യുവാനുള്ള ശ്രമം നടക്കുകയാണ്. ഇതു സംബന്ധിച്ച് പഠനം നടത്തുവാൻ വേണ്ടി പ്രൊഫഃ ഹൃദയകുമാരിയെ അദ്ധ്യക്ഷയാക്കിക്കൊണ്ട് ഒരു കമ്മീഷനെ രൂപീകരിക്കുകയുണ്ടായി. കമ്മീഷനാകട്ടെ അത്യന്തം മുൻവിധിയോടെയാണ് ഈ വിഷയത്തെ സമീപിച്ചത്. കൊളേണിയൽ ഭരണകാലത്ത് ആരംഭിച്ച ബോധ നരീതിയും മൂല്യനിർണയ സമ്പ്രദായവും പുനഃസ്ഥാപിക്കാനാണ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നത്.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടതും യു. ജി. സി യും ഡോ.യശ്പാൽ കമ്മിറ്റി ഉൾപ്പെടെയുള്ള കമ്മീഷനുകളുടെ പഠനറിപ്പോർട്ടുകൾ ശുപാർശ ചെയ്തതുമായ ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും രാജ്യത്ത് ആകെ നടപ്പിലാക്കേണ്ടതാണെന്ന് യു. ജി. സി യുടെ വിദ്യാഭ്യാസ നയരേഖയിലും നിർദ്ദേശിക്കപ്പെട്ടിരുന്നതാണ്. അതുൾക്കൊണ്ടുകൊണ്ടാണ് കേരളത്തിലും ഈ പരിഷ്ക്കാരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചത്. ഇതിനായി സംസ്ഥാനമൊട്ടാകെ ഉന്നതവിദ്യാഭ്യാസ തലത്തിൽ നിരവധിയായ ചർച്ചകളും ശിൽപ്പശാലകളും നടക്കുകയുണ്ടായി. അതിനെ തുടർന്നാണ് സർവ്വകലാശാലകൾ ഓരോന്നായി ഈ പരിഷ്ക്കാരം നടപ്പിലാക്കാൻ തീരുമാനിച്ചത്. പ്രസ്ഥുത പദ്ധതി കേരളത്തിൽ നടപ്പിലാക്കിയശേഷം ആദ്യ ബാച്ച് ഇനിയും പുറത്തുവന്നിട്ടില്ല. അതിനു മുൻപുതന്നെ പ്രസ്തുത പരിഷ്ക്കാരം പൊളിച്ചഴുതാൻ നടത്തുന്ന ശ്രമം തികച്ചും ബാലിശവും രാഷ്ട്രീയ പ്രേരിതവുമാണ്.

ഉന്നത വിദ്യാഭ്യാസകൗൺസിൽ നിയമപരമായും ഒരു ഉപദേശക സമിതിയാണ്. അതിനെ സർക്കാരിന്റെ ചില പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയുടെ രൂപത്തിലേക്ക് മാറ്റുമെന്ന പുതിയകൗൺസിലിന്റെ അഭിപ്രായപ്രകടനം ഗൗരവത്തോടെ കാണേണ്ടതാണ്.

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമകാലീന പ്രതിസന്ധി ആഗോളതലത്തിൽ മത്സരിച്ചു നിൽകുവാനുള്ള അതിന്റെ ബലഹീനതയാണെന്നും അതിനാൽ ആഗോളതലത്തിലുള്ള തൊഴിലവസരങ്ങളെ കണ്ടുകൊണ്ട് അനുയോജ്യമായ കോഴ്സുകൾ ഹ്രസ്വമായ കാലയളവിനുള്ളിൽ നടത്തുന്നതിനുതകുന്ന തരത്തിലുള്ള അയവ് ഉണ്ടാക്കുകയാണ് വേണ്ടതെന്നും കൗൺസിൽ അഭിപ്രായപ്പെടുന്നു. എന്നാൽ വിദേശ രാജ്യങ്ങളിലെ തൊഴിലവസരങ്ങൾക്ക് അനുയോജ്യമായരീതിയിലുള്ള കോഴ്സുകൾ ക്ഷണത്തിൽ നടത്തിയെടുക്കുന്നതിന് ആവശ്യമായ അയവ് ഉണ്ടാക്കിയെടുക്കുകയാണ് മുഖ്യമായും വേണ്ടതെന്ന പരാമർശം നാം ഗൗരവത്തോടെ കാണണം. വിദേശ തൊഴിൽ ലഭ്യമാകാൻ ഇംഗ്ലീഷിലുള്ള പരിജ്ഞാനവും ആശയവിനിമയ ശേഷിയും അനിവാര്യമാണെന്നതിൽ തർക്കമില്ല.

എന്നാൽ വിദേശതൊഴിലിനെ ലക്ഷ്യംവച്ചുകൊണ്ടായിരിക്കണം പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടതെന്ന അഭിപ്രായം അംഗീകരിക്കാനാവില്ല. ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മുഖ്യമായും വിവര-വിജ്ഞാനങ്ങളുടെ വ്യാപനവും അതിന്റെ കൈമാറ്റം ചെയ്യലുമാണ്. അതിനനുസരിച്ചാണ് പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടത്. ഓരോ മേഖലയിലേയും തൊഴിലടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതി രൂപപ്പെടുത്തുക എന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ മുഖ്യമായ ലക്ഷ്യത്തിൽനിന്നുള്ള വ്യതിചലനമായിരിക്കും. തൊഴിലടിസ്ഥാനത്തിലുള്ള പഠനവും പരിശീലനവും പ്രധാനപ്പട്ടതാണെന്നതിൽ സംശയമില്ല. എന്നാൽ അതിന് അനുയോജ്യമായ പ്രത്യേക സംവിധാനം വിവിധതലങ്ങളിൽ രൂപപ്പെടുത്തുകയാണ് വേണ്ടത്.

വ്യത്യസ്ത അക്കാദമിക് മേൻമകളുള്ള കോളേജുകളെ ആരോഗ്യകരമായ പാരസ്പര്യത്തിലൂടെ ബന്ധപ്പെടുത്തിക്കൊണ്ട് അവരുടെ മികവിന്റെ നേട്ടങ്ങൾ പങ്കുവയ്ക്കുന്നതിനും വിജ്ഞാനവ്യാപനം ത്വരിതപ്പെടുത്തുന്നതിനുമുള്ള പദ്ധതിയായിട്ടാണ് മുൻ സർക്കാർ ക്ലസ്റ്റർ സമ്പ്രദായത്തെ കണ്ടതും നടപ്പിലാക്കാൻ ശ്രമിച്ചതും. എന്നാൽ സങ്കുചിതവും തെറ്റിദ്ധാരണാപരവുമായ കാഴ്ചപ്പാടോടെ ചില പ്രമുഖ മാനേജ്മെന്റുകൾ ഈ പദ്ധതിയോട് നിസ്സഹകരിക്കുകയാണുണ്ടായത്. അതിനാൽ ഈ പദ്ധതിയുടെ പ്രയോജനം മഹാഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾക്കും നിക്ഷേധിക്കപ്പെടും. തികച്ചും സുതാര്യവും ജനാധിപത്യപരവുമായ രീതിയിൽ അക്കാദമിക നേട്ടങ്ങൾ വ്യദ്യാർത്ഥി സമൂഹത്തിനും കോളേജുകൾക്കും സ്വായത്തമാക്കുവാൻ അവസരമൊരുക്കുക എന്നത് മാത്രമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് മാനേജുമെന്റുകളെ ബോധ്യപ്പെടുത്തുവാനാകണം. അതേ സമയം ക്ലസ്റ്റർ കോളേജുകളെ ക്രമേണ കൽപ്പിത സർവ്വകലാശാലകളാക്കി മാറ്റാനാണുദ്ദേശിക്കുന്നതെന്ന് പുതിയ കൗൺസിൽ അഭിപ്രായപ്പെടുകയുണ്ടായി.

ക്ലസ്റ്റർ സമ്പ്രദായത്തിന്റെ ലക്ഷ്യത്തെതന്നെ ചെറുതാക്കി കാണുന്ന തരത്തിലുള്ളതാണ് ഈ താൽപര്യപ്രകടനം. കൽപ്പിത സർവ്വകലാശാലാ സങ്കൽപം തന്നെ ഇന്ന് അക്കാദമിക സമൂഹത്തിൽ ദേശീയ തലത്തിൽ ശക്തമായി വിമർശിക്കപ്പെട്ടിരിക്കുകയാണ്. യശ്പാൽ കമ്മിറ്റി ഉൾപ്പെടെയുള്ള വിദഗ്ധ പഠനങ്ങൾ കൽപ്പിത സർവ്വകലാശാലകളുടെ പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തണമെന്നാവശ്യപ്പെടുകയും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയുമാണെന്നത് ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. ക്ലസ്റ്റർ കോളേജുകൾ വളർന്ന് വികസിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അവയെ കൽപ്പിത സർവ്വകലാശാലകളാക്കി മാറ്റുകയല്ല വേണ്ടത്, മറിച്ച് പ്രാദേശിക തനിമ ഉൾക്കൊള്ളുന്ന സർവ്വകലാശാല പദവിയിലേയ്ക്ക് അവയെ ഉയർത്തിക്കൊണ്ട് വരികയാണ് വേണ്ടത്.

കോളജുകളെ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവയുടെ പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത റേറ്റിംഗിലൂടെ അവയെ പ്രതിഭാ കേന്ദ്രങ്ങളാക്കാൻ വേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കുമെന്ന് കൗൺസിൽ വൈസ് ചെയർമാൻ അഭിപ്രായപ്പെടുകയുണ്ടായി. ഈ വിഷയവും വിശദമായ ചർച്ച അനിവാര്യമാക്കുന്ന ഒന്നാണ്. പ്രതിഭാ കേന്ദ്രങ്ങൾ ഉയർന്നുവരുന്നത് അഭികാമ്യമാണെങ്കിലും അതിലേയ്ക്കുള്ള ശ്രമത്തിൽ മാനദണ്ഡങ്ങളും റേറ്റിംഗും നിശ്ചയിക്കുന്നത് കരുതലോടെയായിരിക്കണം. അല്ലെങ്കിൽ അവ സ്ഥാപനങ്ങളുടെ ഇടയിൽ അവസര നിഷേധത്തിനും അസമത്വത്തിനും കാരണമാകും. ഉദാഹരണത്തിന് നഗരങ്ങളിൽ പ്രവർത്തിക്കുന്ന കോളേജുകൾക്കുള്ള അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തമാണ് ഗ്രാമങ്ങളിലുള്ള കോളേജുകളിലെ സാഹചര്യം. ഈ വ്യത്യസ്തത കണക്കിലെടുക്കാതെയുള്ള റേറ്റിംഗ്-മാനദണ്ഡങ്ങൾ അവലംബിച്ചാൽ തീർച്ചയായും ഏതാനും വരേണ്യ സ്ഥാപനങ്ങൾക്ക് മാത്രമാകും ഇത്തരത്തിലുള്ള പ്രതിഭാ കേന്ദ്രങ്ങളായി ഉയരാൻ കഴിയുക. ബഹു ഭൂരിപക്ഷം വരുന്ന സർക്കാർ സ്ഥാപനങ്ങളും ഗ്രാമീണമേഖലയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളും ഈ മത്സരത്തിൽ പിന്തള്ളപ്പെടുകയും പ്രാന്തവല്ക്കരിക്കപ്പെടുകയും ചെയ്യും. അതുകൊണ്ടുതന്നെ ഈ പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച് ബന്ധപ്പെട്ട മേഖലകളിൽ വിശദമായ ചർച്ച നടത്തേണ്ടതുണ്ട്. അവസരസമത്വത്തിനുള്ള സാധ്യതയും വ്യത്യസ്ത പ്രവർത്തന സാഹചര്യങ്ങളുടെ പരിഗണനയും പഠന വിധേയമാക്കേണ്ടതാണ്.

കോളേജുകളുടെ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് സംസ്ഥാന അടിസ്ഥാനത്തിലുള്ള അക്രഡിറ്റേഷൻ ഏജൻസി രൂപീകരിക്കുമെന്ന് കൗൺസിൽ വൈസ് ചെയർമാൻ സൂചിപ്പിക്കുകയുണ്ടായി. അത്തരമൊരു സംവിധാനം സംസ്ഥാനത്ത് ഉണ്ടാകേണ്ടതിന്റെ ആവശ്യകത മുൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുൻപേ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. അത്തരമൊരു സംവിധാനം രൂപപ്പെട്ടുവരുന്നതും സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ പ്രസ്തുത ഏജൻസി രൂപീകരിക്കുന്നതിന് മുൻപ് അതിന്റെ ഘടനയും പ്രവർത്തന ശൈലിയും സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിലുള്ളവരുടെ അഭിപ്രായമറിയാൻ ശ്രമിക്കേണ്ടതാണ്. അതീവ ജാഗ്രതയോടെ ഈ വിഷയങ്ങളെക്കണ്ടുകൊണ്ട് എതിർക്കേണ്ടിടത്ത് ശക്തമായ എതിർപ്പ് ഉയർത്തിക്കൊണ്ട് വരാനാകണം. ഏകപക്ഷീയവും വാണിജ്യശക്തികളുടെ താൽപര്യങ്ങൾക്കുതകുന്നതുമായ മാനദണ്ഡങ്ങൾ സ്വീകരിക്കാൻ യു.ഡി.എഫ് സർക്കാർ തയ്യാറാവുമെന്നതിൽ സംശയമില്ല.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്ന് ആഭ്യന്തരമായി ലഭ്യമായിട്ടുള്ള ഭൗതിക സൗകര്യങ്ങളും മാനവശേഷിയും വൈദഗ്ധ്യവും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം കൂടുതൽ പേർക്ക് ലഭ്യമാക്കുക എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. മാറിയ കാലഘട്ടത്തിന്റെ ആവശ്യകതകൾക്ക് അനുസൃതമായി സാമൂഹികനീതിലധിഷ്ഠിതവും ജനാധിപത്യമൂല്യങ്ങൾ പരിരക്ഷിക്കുന്നതുമായ ഏതൊരു വികസന ശ്രമത്തെയും സർവ്വാത്മനാ സ്വാഗതം ചെയ്യുവാൻ എന്നും നാം തയ്യാറാണ്. എന്നാൽ, വരേണ്യ താൽപര്യങ്ങൾ സംരക്ഷിക്കുന്നതും പൊതുവിദ്യാലയങ്ങളെ പ്രാന്തവൽക്കരിക്കുന്നതും ദേശീയവും അന്തർദേശീയവുമായ കച്ചവടശക്തികളുടെ താൽപര്യങ്ങളെ പരിപോഷിപ്പിക്കുന്നതുമായ ഏത് നടപിയെയും പ്രതിരോധിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

**12ാം പദ്ധതി സമീപനം**

കേന്ദ്രസർക്കാരിന്റെ നവലിബറൽ നയങ്ങളുടെ ചുവട് പിടിച്ചുകൊണ്ട് കേരളത്തിലെ യു.ഡി.എഫ് സർക്കാരും ഉന്നതവിദ്യാഭ്യാസ മേഖലയെ വിദേശ-സ്വദേശ കമ്പോള ശക്തികൾക്ക് അടിയറ വയ്ക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുകയാണെന്നതിന് രേഖാമൂലമുള്ള തെളിവാണ് യു.ഡി.എഫ് സർക്കാർ പുറത്തിറക്കിയ 12-ാം പദ്ധതി സംബന്ധിച്ച കരട് രേഖ. സർവ്വകലാശാലകളെ തങ്ങളുടെ ആജ്ഞക്കനുസരിച്ച് പ്രവർത്തിക്കുന്ന കോർപ്പറേഷൻ-ബോർഡ് ഭരണത്തിന് തുല്യമാക്കി മാറ്റിക്കൊണ്ട്

സർവ്വകലാശാലാ ഭരണസംവിധാനത്തെയാകെ രാഷ്ട്രീയവൽക്കരിക്കുന്നതിനുള്ള ശ്രമം ഈ ലക്ഷ്യത്തിലേയ്ക്കുള്ള ആദ്യ പടിയാണ്. അൺ എയ്ഡഡ് കോഴ്സുകൾ അനിയന്ത്രിതമായി ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകുന്നതിന് ഓഫ് ക്യാമ്പസ് സെന്ററുകൾ പെട്ടിക്കടകൾ പോലെ ആരംഭിക്കുന്നതിനുള്ള കൊണ്ട് പിടിച്ച ശ്രമങ്ങൾ നടക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ ഒരു മുഖ്യ പങ്ക് വഹിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ മേൽ അവശ്യം ഉണ്ടാകേണ്ട സാമൂഹ്യ നിയന്ത്രണം ഇന്ന് ഒരു പരിധിവരെയെങ്കിലും സാധ്യമാകുന്നത് സർവ്വകലാശാലകളിൽ കൂടിയാണ്. എന്നാൽ സർവ്വകലാശാലകളെ അശക്തമാക്കുന്നതിനും സർക്കാർ വകുപ്പിന് തുല്യമായി തരംതാഴ്ത്തുന്നതിനും ശ്രമിക്കുന്നതിലൂടെ നിലവിലുള്ള സാമൂഹ്യ നിയന്ത്രണത്തിന്റെ ശക്തി കുറയ്ക്കുവാനും അതുവഴി അനിയന്ത്രിതമായ സ്വകാര്യ ഇടപെടലുകൾക്ക് വഴി തുറക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പദ്ധതിയും സമീപനവും യു.ഡി.എഫ് സർക്കാർ 12-ാം പദ്ധതിയുടെ കരട് രേഖയിൽ വ്യക്തമാക്കുന്നില്ല.

കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള പദ്ധതികളും ആട്ടോണമസ് കോളേജുകൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയുമാണ് അവർ പ്രസ്തുത മേഖലയിൽ പ്രഖ്യാപിക്കുന്നത്. ക്ലസ്റ്റർ കോളേജ് സമ്പ്രദായം വിപുലീകരിച്ച് കല്പിത സർവ്വകലാശാലകൾ സൃഷ്ടിക്കുവാനും ശ്രമിക്കുമെന്ന് സൂചിപ്പിക്കുന്നു. ഇതല്ലാതെ ഉന്നതവിദ്യാഭ്യാസമേഖലയിൽ കൂടുതൽ കുട്ടികൾക്ക് അവസരം നൽകുന്നതിനും ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും സാമുഹ്യനീതി ഉറപ്പാക്കുന്നതിനും ഒരു പദ്ധതിയും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

കേരളത്തിലെ വിദ്യാർത്ഥികളിൽ ഉന്നതവിദ്യാഭ്യാസത്തിനെത്തുന്നവരിൽ 98% പേരും ആ ലക്ഷ്യം സാധൂകരിക്കുവാനായി ആശ്രയിക്കുന്നത് കേരളത്തിലെ പൊതുമേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകളെയാണ്. ഇടത്തരക്കാരുടേയും പാവപ്പെട്ടവരുടേയും കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികസന പരിപാടികൾക്ക് മുൻതൂക്കം നൽകേണ്ടിയിരിക്കുന്നു. സർക്കാരിന്റേയും സർവ്വകലാശാലകളുടേയും

വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ മുൻഗണന നൽകേണ്ടത് ഈ മേഖലയിലെ വിദ്യാഭ്യാസഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അതിൽക്കൂടി ഗുണമേൻമയുള്ള വിദ്യാഭ്യാസം ബഹുഭൂരിപക്ഷത്തിന് ലഭ്യമാക്കുന്നതായിരിക്കണം. എന്നാൽ ഈ മേഖലയെ തകർക്കുന്ന നയമാണ് യു. ഡി. എഫ് സർക്കാർ തുടരുന്നത്. ഈ സ്ഥാപനങ്ങളെ വെട്ടിമുറിച്ച് അൺ എയ്ഡഡ് കോഴ്സുകൾ തുടങ്ങാൻ സർക്കാർ കുട്ടുനിൽക്കുകയാണ്.

കേരളത്തിലെ സർവ്വസലാശാലാനിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. അതിനുവേണ്ടി മുൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പഠനങ്ങൾ നടന്നിരുന്നു. സർവ്വകലാശാലാ നിയമങ്ങൾ കാലോചിതമായ് പരിഷ്ക്കരിക്കപ്പെടണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ അത്തരം പരിക്കാരങ്ങൾ സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന സർവ്വകലാശാലാ നിയമങ്ങളിലുള്ള ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ളതും അവയ്ക്ക്
ശക്തി പകരുന്ന തരത്തിലുള്ളതുമായിരിക്കണം. കേരള-കാലിക്കറ്റ് സർവ്വകലാശാലാനിയമങ്ങൾ നമ്മുടെ സംസ്ഥാനത്തെ മാതൃ സർവ്വകലാശാലാ നിയമങ്ങൾ ആയിട്ടാണ് നാം കണക്കാക്കുന്നത്. ആ നിയമങ്ങളുടെ അടിസ്ഥാന ഘടനയും ജനാധിപത്യമൂല്യങ്ങളും സംരക്ഷിക്കുന്ന തരത്തിലുള്ള നിയമ ഭേദഗതികളാണ് ഉണ്ടാകേണ്ടത്. അതിനായി ബന്ധപ്പെട്ട മേഖലയിലുള്ള അദ്ധ്യാപക-വിദ്ധ്യാർത്ഥി-അനദ്ധ്യാപക പ്രസ്ഥാനങ്ങളുമായ് ചർച്ച ചെയ്യുവാനും പൊതുസമൂഹത്തിൽ തുറന്ന ചർച്ചയ്ക്ക് അവസരമുണ്ടാക്കുവാനും യു.ഡി.എഫ് സർക്കാരിന് താല്പര്യമില്ല. എന്നാൽ യു.ഡി.എഫ് സർക്കാർ സർവ്വകലാശാലാ നിയമങ്ങളുടെ പൊളിച്ചെഴുത്തിനായി വീണ്ടും ഒരു കമ്മീഷനെ (ഡോ.ജേക്കബ് താരു) നിയമിക്കാൻ തീരുമാനിച്ചിരിക്കയാണ്. നിലവിൽ ഇടതുപക്ഷസർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിനായി നിയോഗിച്ച അനന്തകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഇനിയും പൂർണ്ണമായും പുറത്തുവന്നിട്ടില്ല. അതിനിടയിലാണ് പുതിയ കമ്മിറ്റിയെ നിയോഗിക്കുന്നത് അനന്തകൃഷ്ണൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിലെ ജനാധിപത്യവിരുദ്ധ വശം സംഘടനകൾ തുറന്ന് കാട്ടിയിട്ടുള്ളതാണ്. അതിന് മാറ്റം വരുത്തിക്കൊണ്ട് തുറന്ന ചർച്ചയിലൂടെ നിയമ ഭേദഗതിയുണ്ടാക്കാൻ ശ്രമിക്കുന്നതിന് പകരം സർക്കാർ വീണ്ടും കമ്മിഷനെ നിയോഗിച്ചിട്ടുള്ളത് ദുരൂഹവും സംശയാസ്പദവുമാണ്. ഇവിടേയും ജനകീയ പ്രസ്ഥാനങ്ങളുടെ നിതാന്ത ജാഗ്രത ഉണ്ടാകേണ്ടതാണ്.

സർവകലാശാലാ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ ചാൻസിലറുടെയും സർക്കാരിന്റെയും ഇച്ഛക്കനുസൃതമായി മാത്രമേ തൽസ്ഥാനങ്ങളിൽ തുടരാൻ അനു

വദിക്കുകയുള്ളൂവെന്ന നിയമഭേദഗതി ജനാധിപത്യവിരുദ്ധവും അധാർമികവുമാണ്. നിർദ്ദിഷ്ടമാനദണ്ഡങ്ങളനുസരിച്ച് ഒരിക്കൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരെ സംസ്ഥാനത്ത് ഭരണമാറ്റം ഉണ്ടായതിന്റെ പേരിൽ അയോഗ്യത കൽപിച്ച് പിരിച്ചുവിടുന്നതും ജനാധിപത്യവിരുദ്ധമാണ്. കേരള സർവ്വകലാശാല സെനറ്റിൽ നിന്നും ഈയിടെയാണ് മൂന്നുപേരെ അകാരണമായി ചാൻസിലർ പുറത്താക്കിയത്.

ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കായി നീക്കിവയ്ക്കുന്ന തുക കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ തികച്ചും അപര്യാപ്തമാണ്. അതിനാൽ 12-ാം പദ്ധതിയിൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 10% മെങ്കിലും ഉന്നതവിദ്യാഭ്യാസത്തിനായ് മാറ്റി വയ്ക്കേണ്ടതാണ്. സംസ്ഥാന ബജറ്റിന്റെ 30% എങ്കിലും ഈ മേഖലയ്ക്ക് വകയിരുത്തണം. എന്നാൽ യു.ഡി.എഫ് സർക്കാരിന്റെ ആദ്യ ബജറ്റ് അങ്ങേയറ്റം നിരാശാജനകമാണ്. ഉന്നത വിദ്യാഭ്യാസത്തെ തമസ്കരിച്ചുകൊണ്ടുള്ള ഒരു ബജറ്റാണ് അവതരിപ്പിക്കപ്പെട്ടത്.

ബിരുദതല വിദ്യാഭ്യാസത്തിന്റ പുനഃസംഘാടനത്തിന്റെ ഭാഗമായി നടപ്പിലാക്കിയ സി.ബി.സി.എസ്.എസ് പരിഷ്ക്കാരത്തെ തുടർന്ന് അനിവാര്യമായി നടത്തേണ്ടതാണ് പരീക്ഷയിലും മൂല്യനിർണ്ണയത്തിലുമുള്ള പരിഷ്ക്കാരം. മെച്ചപ്പെട്ട പരീക്ഷാ സമ്പ്രദായം കൊണ്ടുവരുന്നതിന്റെ ഭാഗമായി മുൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുൻകൈഎടുത്ത് പ്രൊഫ:ജേക്കബ്താരു അദ്ധ്യക്ഷനായി നിയോഗിച്ച കമ്മീഷന്റെ പഠനറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങളും നിർദ്ദേശങ്ങളും അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിൽ തുറന്ന ചർച്ചയ്ക്ക് വിധേയമാക്കണം. മെച്ചപ്പെട്ട മൂല്യനിർണ്ണയ വ്യവസ്ഥയ്ക്ക് അനുഗുണമായ വ്യവസ്ഥകൾ രൂപപ്പെടുത്തിയെടുക്കുവാനും നടപ്പിലാക്കുവാനും കഴിയണം. എന്നാൽ യു.ഡി.എഫ് സർക്കാർ ഈ രംഗത്ത് ഏകപക്ഷീയമായതും മുൻവിധിയോടെയുള്ളതുമായ നടപടികളാണ് സ്വീകരിച്ചുപോരുന്നത്.

കോളേജ് അദ്ധ്യാപക നിയമനത്തിന് ദേശീയതലത്തിൽ നടത്തുന്ന യോഗ്യതാപരീക്ഷ (നെറ്റ്) യാണ് യു.ജി.സി യും, സർക്കാരും അംഗീകരിച്ചിട്ടുള്ളത്. എന്നാൽ നെറ്റ് ലഭിക്കാത്തവരെ ഉദ്ദേശിച്ച് സംസ്ഥാന തലത്തിലുള്ള യോഗ്യതാപരീക്ഷ (സെറ്റ്) ആരംഭിക്കുവാനുള്ള നീക്കം നടത്തുകയാണ്. ഇത് ഉന്നത വിദ്യാഭ്യാസരംഗത്ത് ദേശീയ തലത്തിലുള്ള യോഗ്യത നേടിയെടുക്കാത്ത ഒരു പുതിയ വിഭാഗം അദ്ധ്യാപകരെ സൃഷ്ടിക്കുവാനിടയാക്കുമെന്നും അഴിമതിയ്ക്കും വിഭാഗീയതയ്ക്കും വഴിതെളിയ്ക്കുമെന്നുള്ളതിൽ സംശയമില്ല.

കേരളത്തിലെ വിദ്യാഭ്യാസരംഗം അതിവേഗം വർഗീയവൽക്കരിക്കപ്പെടുകയാണ്. കേരളത്തിലെ രണ്ട് മതന്യുനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ധനിക വർഗ്ഗത്തിന്റെ താൽപര്യ സംരക്ഷണത്തിനായി സംസ്ഥാന ഭരണത്തെ മാറ്റിയെടുത്തിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ 1957 ൽ രൂപീകൃതമായ മന്ത്രിസഭയെ രാഷ്ട്രീയമായി നേരിടുന്നതിൽ പരാജയപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ് അന്ന് ആശ്രയിച്ചത് ജാതി-മത സംഘടനകളെയായിരുന്നു. അന്നുമുതൽ ആക്രമിക്കപ്പെടുന്നത് ഇവിടത്തെ മത നിരപേക്ഷതയായിരുന്നു. ഇന്നത് മൂർദ്ധന്യത്തിലെത്തിയിരിക്കുന്നു. അതിനായി വിദ്യാഭ്യാസത്തെ ദുരുപയോഗം ചെയ്യുകയാണ്.

# കേരള വിദ്യാഭ്യാസ സമിതി